2023
JUNE
20
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# ഐഫോൺ കയറ്റുമതിയിൽ റെക്കോർഡിട്ട് ഇന്ത്യ



**ന്യൂഡൽഹി:** രാജ്യത്തെ സ്മാർട്ഫോൺ കയറ്റുമതിയിൽ റെക്കോർഡ് വർധന. മേയിൽ ഇന്ത്യയിൽ നിന്ന് 12,000 കോടി രൂപയുടെ സ്മാർട്ഫോൺ കയറ്റുമതി നടന്നതായാണ് റിപ്പോർട്ടുകൾ. ഇതിൽ 10,000 കോടി രൂപയുടെ ഐഫോണുകളും ഉൾപ്പെടുന്നു. ഇന്ത്യ സെല്ലുലാർ ആൻഡ് ഇലക്ട്രോണിക് അസോസിയേഷനാണ് പുതിയ കണക്കുകൾ പുറത്തുവിട്ടത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2022,2023) 500 കോടി രൂപയുടെ ഐഫോണുകളാണ് ഇന്ത്യയിൽനിന്നു കയറ്റുമതി ചെയ്തത്. 2024 സാമ്പത്തിക വർഷം ആരംഭിച്ചതിനു ശേഷം ഏപ്രിൽ, മേയ് മാസങ്ങളിൽ മാത്രം 20,000 കോടിയുടെ കയറ്റുമതി ഇന്ത്യ നടത്തി. റിപ്പോർട്ടുകളനുസരിച്ച് ഇന്ത്യയിലെ ഏറ്റവും വലിയ അഞ്ചാമത്തെ കയറ്റുമതി വിപണിയാണ് സ്മാർട്ഫോൺ കയ്യടക്കിയത്. ഐഫോൺ കഴിഞ്ഞാൽ രണ്ടാം സ്ഥാനം സാംസങ്ങിനാണ്.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി രാജ്യത്ത് ഐഫോൺ ഉൽപാദനം വർധിപ്പിക്കാൻ പദ്ധതിയുള്ളതായി റിപ്പോർട്ടുകളുണ്ടായിരുന്നു. മുൻപ് ഐഫോൺ 14 ന്റേയും 13ന്റേയും അസംബ്ലിങ് നടന്നത് ചെന്നൈയിലുള്ള ഫാക്ടറിയിലാണ്. ഫോക്സ്കോൺ ആണ് നിർമാണത്തിനു നേതൃത്വം നൽകുന്നത്. 2025 ആകുമ്പോഴേക്കും ലോകത്തെ മൊത്തം ഐഫോൺ ഉൽപാദനത്തിന്റെ 25% ഇന്ത്യയിൽ നിന്നാക്കാനാണ് പദ്ധതിയിടുന്നത്. അമേരിക്കയും ചൈനയും തമ്മിലുള്ള വ്യാപാര ബന്ധത്തിൽ വിള്ളലുകൾ ഉണ്ടായതിനെ തുടർന്നാണ് ഇന്ത്യയ്ക്ക് നറുക്കു വീണത്.



## പ്രത്യക്ഷ നികുതിപിരിവിൽ 11.2% വർധന; കിട്ടിയത് 3.8 ലക്ഷം കോടി

**ന്യൂഡൽഹി:** 2023,24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാറിന്റെ പ്രത്യക്ഷ നികുതിപിരിവിൽ വൻ വർധനവ്. രണ്ടര മാസം കൊണ്ട് 3.8 ലക്ഷം കോടി രൂപ സമാഹരിച്ചതായി ധനമന്ത്രാലയം കഴിഞ്ഞദിവസം അറിയിച്ചു. പ്രത്യക്ഷനികുതി പിരിവ് ജൂൺ 17 വരെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 11.2% വർധിച്ചു. കോർപ്പറേറ്റ് നികുതിയിനത്തിൽ 1.57 ലക്ഷം കോടിയും ഇൻകംടാക്സ് വിഭാഗത്തിൽ (സെക്യൂരിറ്റീസ് ട്രാൻസാക്ഷൻ ടാക്സ് ഉൾപ്പെടെ) 2.22 ലക്ഷം കോടിയും ഇതിൽ ഉൾപ്പെടുന്നു.

നികുതി പിരിവിൽ നിന്നുള്ള വർധനവ് സർക്കാറിന്റെ കണക്കുകൂട്ടലുകളേക്കാൾ മുന്നിലാണ്. 2023, 24ലെ യൂണിയൻ ബജറ്റിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പ്രത്യക്ഷ നികുതിപിരിവിൽ 10.5% വർധനവുണ്ടാകുമെന്ന് ധനമന്ത്രി നിർമല സീതാരാമൻ പ്രഖ്യാപിച്ചിരുന്നു. കോർപ്പറേറ്റ് നികുതിയിൽ കഴിഞ്ഞ വർഷത്തെ 9.23 ലക്ഷം കോടിയിൽ നിന്നും 10.5 ശതമാനത്തിന്റെ വർധനവും ഇൻകംടാക്സിൽ 9.01 ലക്ഷം കോടിയിൽ നിന്നും സമാനമായ വർധനവുമാണ് സർക്കാർ കണക്കുകൂട്ടിയിരുന്നത്.

2023, 24ൽ ഇതുവരെ റീഫണ്ടായി സർക്കാർ അനുവദിച്ച തുക 39,578 കോടിയാണ്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 30,414 കോടിയാണ് റീഫണ്ടിനത്തിൽ കേന്ദ്ര സർക്കാറിന് ചിലവായത്. 30.1% വർധനവാണിത്. പരോക്ഷ നികുതിയിലും പുതിയ റെക്കോർഡായിരുന്നു ഏപ്രിൽ മാസത്തിൽ ലഭിച്ചത്. 1.87 ലക്ഷം കോടി രൂപ. മേയ് മാസത്തിൽ പരോക്ഷ നികുതിപിരിവ് 1.57 ലക്ഷം കോടി രൂപയായിരുന്നു.

## 500 വിമാനങ്ങൾ വാങ്ങാൻ ഇൻഡിഗോ

**ന്യൂഡൽഹി:** എയർബസിൽനിന്ന് 500 വിമാനങ്ങൾ കൂടി വാങ്ങാൻ ഇൻഡിഗോ. ഒറ്റത്തവണയായി ഇത്രയും വിമാനങ്ങൾ വാങ്ങുന്നത് വ്യോമയാന മേഖലയുടെ ചരിത്രത്തിൽ ആദ്യമാണെന്ന് എയർബസ് അറിയിച്ചു. എ320 വിഭാഗത്തിലുള്ള വിമാനങ്ങളാണ് വാങ്ങുന്നത്.

10 വർഷത്തിനുള്ളിൽ എ 320 വിഭാഗത്തിൽപ്പെടുന്ന 1330 വിമാനങ്ങളാണ് ഇൻഡിഗോ ആകെ വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് എയർബസ് മേധാവി പീറ്റർ എൽബേഴ്സ് പറഞ്ഞു. ഇതിന് മുൻപ് എയർ ഇന്ത്യ 470 വിമാനങ്ങൾ വാങ്ങാൻ കരാറായിരുന്നു. ഇതിനെ മറികടക്കുന്നതാണ് ഇൻഡിഗോയുടെ ഇടപാട്

## പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനം: ആയുധ ഇടപാടിൽ റഷ്യയെ വിട്ട് യുഎസുമായി കൈകോർക്കും

**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യുഎസ് സന്ദർശനത്തിൽ പ്രതിരോധ മേഖലയിൽ കൂടുതൽ സഹകരണം ഉറപ്പാക്കുന്നതിനാവശ്യമായ ചർച്ചകൾ നടക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിനയ് വത്ര.

ജൂൺ 21 മുതലാണ് പ്രധാനമന്ത്രിയുടെ യുഎസ്, ഈജിപ്ത് സന്ദർശനം ആരംഭിക്കുന്നത്. പ്രതിരോധ മേഖലയിലെ നിർമാണ പ്രവർത്തനങ്ങളായിരിക്കും സന്ദർശനത്തിലെ പ്രധാന ചർച്ചാവിഷയങ്ങളെന്നും അദ്ദേഹം പറഞ്ഞു.

നിലവിൽ 60 ശതമാനം ആയുധങ്ങളും റഷ്യയിൽ നിന്നാണ് ഇന്ത്യ വാങ്ങുന്നത്. ഇതിൽ നിന്നും മാറിചിന്തിക്കുന്നതിന്റെ ഭാഗമായാണ് യുഎസുമായി ഇന്ത്യ കൂടുതൽ അടുക്കാൻ ശ്രമിക്കുന്നത്.

റഷ്യ, യുക്രെയ്നിൽ അധിനിവേശം നടത്തിയതോടെയാണ് ഇന്ത്യ യുഎസിനോട് കൂടുതൽ അടുക്കാൻ തുടങ്ങിയത്. പാശ്ചാത്യരാജ്യങ്ങൾ പൂർണമായും റഷ്യയ്ക്ക് എതിരായതും ഇന്ത്യയുടെ നിലപാട് മാറ്റത്തിന് കാരണമായി.

നിലവിൽ ഇന്ത്യ ഇന്ധനത്തിന് കൂടുതലായി റഷ്യയെ ആശ്രയിക്കുന്നുണ്ട്. എന്നാൽ ആയുധ ഇടപാടുകളുടെ കാര്യത്തിൽ റഷ്യയുമായി അകലം പാലിക്കാനുള്ള നീക്കമാണ് നടക്കുന്നത്.

## അക്രമികൾ പ്രത്യാഘാതം നേരിടേണ്ടി വരും: മണിപ്പൂരിൽ മുന്നറിയിപ്പുമായി ബിരേൻ സിങ്

**ഇംഫാൽ:** മണിപ്പൂരിൽ കഴിഞ്ഞദിവസമുണ്ടായ വെടിവയ്!പിൽ സൈനികനു പരുക്കേറ്റ സംഭവത്തിനു തൊട്ടുപിന്നാലെ പ്രതികരണവുമായി മുഖ്യമന്ത്രി ബിരേൻ സിങ്. ഇത്തരം സംഭവങ്ങൾ ആവർത്തിച്ചാൽ പ്രത്യാഘാതങ്ങളുണ്ടാകുമെന്ന് ബിരേൻ സിങ് മുന്നറിയിപ്പ് നൽകി. അക്രമം തടയുന്നതിനും സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി അടിയന്തരയോഗം വിളിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുത്. അക്രമം അഴിച്ചുവിടുന്നവർക്ക് ഇതിന്റെ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരും. ആക്രമിക്കരുതെന്ന് സായുധരായ ജനങ്ങളോട് ഞാൻ അഭ്യർഥിക്കുകയാണ് ബിരേൻ സിങ് വ്യക്തമാക്കി. യാതൊരു പ്രകോപനവുമില്ലാതെയാണ് സൈന്യത്തിനു നേരെ ആക്രമണമുണ്ടായത്






# ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലം ഉറപ്പ് വരുത്തുക ലക്ഷ്യം : മന്ത്രി റോഷി അഗസ്റ്റിൻ

**പീരുമേട്:** എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലം ഉറപ്പ് വരുത്തുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. ജൽജീവൻ മിഷൻ 202024 ചക്കുപള്ളം ഗ്രാമപഞ്ചായത്ത് ഗ്രാമീണ ഭവന കുടിവെള്ള പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഗുണനിലവാരമുള്ള ശുദ്ധമായ ജലം ലഭ്യമാക്കുക എന്നതാണ് പ്രധാനം. ഇതിനുള്ള പ്രവർത്തനങ്ങൾ വാട്ടർ അതോറിറ്റി നടപ്പിലാക്കി വരികയാണ്. 140 മണ്ഡലങ്ങളിലും ശുദ്ധജലം എത്തിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. ഇടുക്കി ജില്ലയിൽ 2757 കോടി രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു. പീരുമേട് നിയോജകമണ്ഡലത്തിൽ 408 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ആദ്യഘട്ടത്തിൽ പൂർണമായും ഭരണാനുമതി നേടിയെടുത്ത ചുരുക്കം നിയോജകമണ്ഡലങ്ങളിലൊന്നാണ് പീരുമേടെന്നും വാഴൂർ സോമൻ എംഎൽഎ പ്രശംസനീയമായ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും മന്ത്രി പറഞ്ഞു. വാഴൂർ സോമൻ എംഎൽഎ അധ്യക്ഷത വഹിച്ചു.

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളും ചക്കുപള്ളം ഗ്രാമപഞ്ചായത്തും പൊതുജന പങ്കാളിത്തത്തിലൂടെ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ചക്കുപള്ളം പഞ്ചായത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ടാപ്പുവഴി ശുദ്ധമായ കുടിവെള്ളം എത്തിക്കുകയാണ് ലക്ഷ്യമിടുന്നത്. പഞ്ചായത്തിൽ 3705 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 3788.37 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തേക്കടി തടാകമാണ് പദ്ധതിയുടെ സ്രോതസ്സ്. കുമളി ഒന്നാംമൈലിൽ അമരാവതി സ്കൂളിന് സമീപം സ്ഥാപിക്കുന്ന 25 എം എൽ ഡി ശുദ്ധീകരണ പ്ലാന്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ഒട്ടകത്തലമേട്, ചക്കുപള്ളം മാർക്കറ്റിന് സമീപം എന്നിവിടങ്ങളിലെ ജലസംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ അളവുകളിലുള്ള വിതരണ ശൃംഖല വഴി പഞ്ചായത്തിലെ എല്ലാ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകി ശുദ്ധജലം വിതരണം ചെയ്യുന്നതാണ് പദ്ധതി. ചക്കുപള്ളം പഞ്ചായത്തിലെ വിതരണ ശൃംഖല സ്ഥാപിക്കലും കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവർത്തനങ്ങളുമാണ് ആദ്യഘട്ടമെന്ന നിലയിൽ ആരംഭിക്കുന്നത്. പ്രവർത്തിയുടെ മറ്റു ഘടകങ്ങളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു വരികയാണ്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ മൂന്ന് സോണുകൾ ആക്കി തിരിച്ച് 139.8 കിലോമീറ്റർ നീളത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് 3705 കണക്ഷനുകൾ നൽകും. 2024 ഓടെ പ്രവർത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യം. ഒട്ടകതലമേട്ടിൽ ജലസംഭരണി സ്ഥാപിക്കുന്നതിനായി 8 സെന്റ് സ്ഥലം വിട്ടു നൽകിയ ശിവഗിരി മഠത്തെ ചടങ്ങിൽ ആദരിച്ചു.

ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി കെ രാമചന്ദ്രൻ, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ രാരിച്ചൻ നീർണാകുന്നേൽ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അമ്മിണി ഗോപാലകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം കുസുമം സതീഷ്, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കേരള വാട്ടർ അതോറിറ്റി കട്ടപ്പന പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ സുധീർ എം, സാമൂഹ്യ രാഷ്ട്രീയ പ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഫ്ളോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിക്കുന്നത് വൈദ്യുത ഉല്പാദനം വർദ്ധിക്കും മന്ത്രി

**കോഴിക്കോട്:** ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിക്കുന്നത് വഴി ആഭ്യന്തര വൈദ്യുത ഉല്പാദനം വർദ്ധിക്കുമെന്ന് വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി. ബേപ്പൂർ നിയോജക മണ്ഡലത്തിലെ നല്ലളം ഡീസൽ പവർപ്ലാന്റിൽ പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ( പി എം കുസും )പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ച 200സം‌ു സൗരോർജ വൈദ്യുത നിലയത്തിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. വൈദ്യുത ഉൽപാദനത്തിൽ വരുന്ന വർദ്ധനവ് സംസ്ഥാനത്തിന്റെ വൈദ്യുത വാങ്ങൽ ചെലവിൽ ഗണ്യമായ കുറവ് വരുത്തും. കൂടാതെ മാസം തോറുമുള്ള ഇന്ധന സർചാർജിൽ നിന്ന് രക്ഷനേടുന്നതിന് സഹായകമാകുമെന്നും മന്ത്രി പറഞ്ഞു. സൗരോർജ വൈദ്യുതി നിലയത്തിന്റെ സ്വിച്ച് ഓൺ കർമ്മം മേയർ ഡോ. ബീന ഫിലിപ്പ് നിർവഹിച്ചു.

നല്ലളം ഡീസൽ പവർപ്ലാന്റ് വളപ്പിൽ 600 സോളാർ പാനലുകൾ ഉപയോഗിച്ച് 200 സണു സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതിയാണ് പൂർത്തീകരിച്ചിരിക്കുന്നത്. വൈദ്യുത നിലയങ്ങൾ വികേന്ദ്രീകൃതമായ രീതിയിൽ സ്ഥിതി ചെയ്യുന്നതിനാൽ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതിയുടെ ലഭ്യത പകൽ സമയത്തു ഉറപ്പാക്കുവാൻ സാധിക്കുന്നു. ഇത് കൂടാതെ പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ആഭ്യന്തര ഊർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുക. പ്രസരണ നഷ്ടം കുറയ്ക്കുക തുടങ്ങിയ സുപ്രധാന ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഈ പദ്ധതിയ്ക്ക് കീഴിൽ 14 ഇടങ്ങളിലായി 11 വാട്ട് ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് കെഎസ്ഇബി നടപടികൾ സ്വീകരിച്ചത്.

ഇലക്ട്രിക്കൽ ഡയറക്ടർ ഇൻചാർജ് ബാബു പി. കെ. റിപ്പോർട്ട് അവതരിപ്പിച്ചു. സ്വതന്ത്ര ഡയറക്ടർ അഡ്വ. മുരുകദാസ്, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, തുടങ്ങിയവർ സംസാരിച്ചു.

# നിരന്തര മൂല്യനിർണയത്തിൽ വായന ഉൾപ്പെടുത്തും: മന്ത്രി വി. ശിവൻകുട്ടി

**തിരുവനന്തപുരം:** പുതിയ കാലത്ത് വായനയുടെ പ്രാധാന്യം പുതു തലമുറയിലെത്തിക്കുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയിലെ നിരന്തര മൂല്യനിർണയത്തിൽ വായനയും എഴുത്തും ഉൾപ്പെടുത്തുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു.

തിരുവനന്തപുരം ഉദയ പാലസിൽ നടന്ന ചടങ്ങിൽ ദേശീയ വായനദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗ്രന്ഥശാലാ പ്രസ്ഥാനത്തിലൂടെ വായനയെ ജനകീയമാക്കിയ പി.എൻ. പണിക്കരുടെ ഓർമയ്ക്കാണ് വായനാദിനം ആചരിക്കുന്നത്. ആധുനിക ലോകത്ത് ഡിജിറ്റൽ വായനയിലേക്ക് മാറുന്ന സാഹചര്യമുണ്ട്. അക്കാദമിക വിഷയങ്ങൾക്കൊപ്പം വായന വിദ്യാർത്ഥികളിൽ വളർത്തണമെന്നതാണ് സർക്കാർ നയം. വിമർശന ചിന്തയും പ്രശ്ന പരിഹാര ശേഷിയും സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും വളർത്തുന്നതിന് എഴുത്തും വായനയും സഹായിക്കും.

സ്വയം ചിന്തിച്ച് യുക്തമായ തീരുമാനമെടുക്കാൻ നല്ല പുസ്തകങ്ങൾ വിദ്യാർഥികളെ സഹായിക്കും. 10 കോടി രൂപയുടെ പുസ്തകങ്ങളാണ് സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ ലൈബ്രറികളിലേക്ക് ഗവൺമെന്റ് വിതരണം ചെയ്യുന്നത്. എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറികൾ ഉണ്ടാകണം. ലൈബ്രേറിയൻമാരില്ലാത്തിടത്ത് അധ്യാപകർ ആ ചുമതല നിർവഹിക്കുമെന്നും മന്ത്രി പറഞ്ഞു.

ഔപചാരിക വിദ്യാഭ്യാസത്തിനൊപ്പം വായന നൽകുന്ന കരുത്തും നേടിയെടുക്കാൻ വിദ്യാർഥികൾക്ക് കഴിയണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഭക്ഷ്യസിവിൽ മന്ത്രി ജി. ആർ. അനിൽ പറഞ്ഞു.

സമ്പൂർണ സാക്ഷരതയ്ക്കായി നിസ്തുല സംഭാവനകൾ നൽകിയ മഹാനാണ് പി. എൻ. പണിക്കരെന്ന് ഗതാഗത മന്ത്രി ആന്റണി രാജു അഭിപ്രായപ്പെട്ടു. വായനയിലൂടെ നേടുന്ന അറിവിനെ യുക്തി സഹമായി വിലയിരുത്താൻ വിദ്യാർഥികൾക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു.

പി.എൻ. പണിക്കർ ഫൗണ്ടേഷൻ ചെയർമാൻ പന്ന്യൻ രവീന്ദ്രൻ, എം വിജയകുമാർ, ഒ രാജഗോപാൽ, ടി.കെ.എ. നായർ, പൊതുവിദ്യാഭ്യാസ സെക്രട്ടറി റാണി ജോർജ്, മീഡിയ അക്കാദമി ചെയർമാൻ ആർ. എസ്. ബാബു, പി. എൻ. പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ എൻ. ബാലഗോപാൽ എന്നിവർ പങ്കെടുത്തു.



# ഭിന്നശേഷിക്കാരുടെ ഉൽപന്നങ്ങൾക്ക് വിപണിയുമായി എൻഎസ്എസ് പ്രവർത്തകർ

**രാമനാട്ടുകര:** ഭിന്നശേഷിക്കാരുടെ പ്രതീക്ഷകൾക്കു തണൽ നൽകാൻ ഒരുങ്ങുകയാണു സേവാമന്ദിരം ഹയർ സെക്കൻഡറി സ്കൂളിലെ ടീം എൻഎസ്എസ്. ഭിന്നശേഷിക്കാർ നിർമിക്കുന്ന ഉൽപന്നങ്ങൾക്ക് സ്കൂൾ വിപണി ഒരുക്കിയാണു കുട്ടികളുടെ കാരുണ്യ പ്രവർത്തനം. പ്രഭ എന്ന പേരിൽ ഭിന്നശേഷിക്കാർക്കൊപ്പം ഒരു വിപണനമേള പദ്ധതിക്ക് തുടക്കമായി. ആദ്യ ദിവസം 55 കുടകൾ വിൽപന നടത്തി. കുട്ടികളിൽ സേവന മനോഭാവം വളർത്തിയെടുക്കുക ലക്ഷ്യമിടുന്ന പദ്ധതി കൗൺസിലർ പി.കെ.ഹഫ്സൽ ഉദ്ഘാടനം ചെയ്തു.

പിടിഎ പ്രസിഡന്റ് എ.വി.അനിൽകുമാർ അധ്യക്ഷത വഹിച്ചു. ആദ്യ കുട പ്രിൻസിപ്പൽ കെ.വി.ശ്രീരഞ്ജിനി എം.ഷമീറിൽ നിന്നു ഏറ്റുവാങ്ങി. എൻഎസ്എസ് ബേപ്പൂർ ക്ലസ്റ്റർ കോഓർഡിനേറ്റർ കെ.വി.സന്തോഷ് കുമാർ, എൻഎസ്എസ് പ്രോഗ്രാം ഓഫിസർ വി.എസ്.പ്രശാന്ത്, അനീഷ് കുന്നത്ത്, വൊളന്റിയർമാരായ എൻ.മാളവിക, പി.സി.കൃഷ്ണവേണി എന്നിവർ പ്രസംഗിച്ചു.



# പാൻ ഇന്ത്യൻ മൂവി ദ ഗ്രേറ്റ് എസ്കേപ്പ് അഞ്ച് ഇന്ത്യൻ ഭാഷകളിൽ വീണ്ടും വരുന്നു

**കൊച്ചി:** ഇൻഡോഅമേരിക്കൻ ആക്ഷൻ ഹീറോ ബാബു ആൻറണി, മകൻ ആർതർ ബാബു ആൻറണി, ലോകപ്രശസ്ത ഗുസ്തി താരവും അമേരിക്കൻ ചലച്ചിത്രങ്ങളിലെ വില്ലൻ കഥാപാത്രങ്ങളിലൂടെ ശ്രദ്ധേയനായ ചാൾസ് ടെയ്ലർ എന്നിവർ കേന്ദ്ര കഥാപാത്രമാകുന്ന പാൻ ഇന്ത്യൻ മൂവിയായ ദ ഗ്രേറ്റ് എസ്കേപ്പ് ആണ് ഇപ്പോൾ ഇന്ത്യൻ ഭാഷകളായ തമിഴ്, തെലുങ്ക്, കന്നട, ഹിന്ദി, മലയാളം ഭാഷകളിലൂടെ വീണ്ടും പ്രേക്ഷകരിലേക്ക് എത്തുന്നത്. മലയാളത്തിൽ കൂടുതൽ ദൃശ്യമികവും പുതുമകളുമായിട്ടാണ് അവതരിപ്പിക്കുന്നത്.

വിവിധ ഭാഷകളിലേക്കുള്ള മൊഴിമാറ്റനടപടികൾ ആരംഭിച്ചതായി ചിത്രത്തിൻറെ അണിയറ പ്രവർത്തകർ വ്യക്തമാക്കി.

ബാബു ആൻറണിയെ ഇതുവരെ കാണാത്ത വേഷപ്പകർച്ചയിലൂടെയാണ് ഈ ചിത്രത്തിലൂടെ പ്രേക്ഷകർ കണ്ടത്. അതിഗംഭീരമായ മേക്കിങ്ങാണ് ഈ ചിത്രത്തിൻറെ പുതുമ. ലോക സിനിമകളുടെ ദൃശ്യഭംഗിയുമായി ചേർന്നു പോകുന്ന ഒരു ചിത്രം കൂടിയാണ് ദ ഗ്രേറ്റ് ഇന്ത്യൻ എസ്കേപ്പ്. അമേരിക്കയിലെ ചലച്ചിത്ര പ്രവർത്തകനും നവാഗത പ്രതിഭയുമായ സന്ദീപ് ജെ എൽ ആണ് ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്.വിവിധ ഭാഷകളിൽ ഒരുങ്ങുന്ന ദ ഗ്രേറ്റ് എസ്കേപ്പിൻറെ വിതരണാവകാശം തേടുന്നതായും അറിയിച്ചു. താല്പര്യമുള്ള ഏജൻസികൾക്ക് ബന്ധപ്പെടാവുന്നതാണെന്നും അണിയറപ്രവർത്തകർ വ്യക്തമാക്കി ബാബു ആൻറണിയും മകൻ ആർതർ ആൻറണിയും, ആദ്യമായി ഒന്നിക്കുന്ന ചിത്രം കൂടിയാണ് ദ ഗ്രേറ്റ് എസ്കേപ്പ്. പ്രമുഖ തമിഴ് താരവുമായ സമ്പത്ത് റാം, അമേരിക്കൻ ചലച്ചിത്ര താരം റോക്ക് വില്യംസ്, ബാബു ആന്റണിയുടെ ഭാര്യ ഇവ്ഗനിയ, മകൻ അല്ക്സ് ആന്റണി എന്നിവരും ചിത്രത്തിലെ അഭിനേതാക്കളാണ് .ചിത്രം പൂർണ്ണമായും അമേരിക്കയിലാണ് ചിത്രീകരിച്ചത്.

# വോയിസ് ഓഫ് സത്യനാഥൻ ജൂലായ് 14ന് റിലീസ്




ജനപ്രിയ നായകൻ ദിലീപിനെ കേന്ദ്ര കഥാപാത്രമാക്കി റാഫി സംവിധാനം ചെയ്യുന്ന വോയിസ് ഓഫ് സത്യനാഥൻ ജൂലായ് പതിനാലിന് പ്രദർശനത്തിനെത്തുന്നു.റിലീസ് ഡേയ്റ്റ് പ്രഖ്യാപനത്തോടൊപ്പംചിത്രത്തിന്റെ രണ്ടാമത്തെ ഒഫീഷ്യൽ ടീസർ പുറത്തിറക്കി.

ജോജു ജോർജ്, അനുപം ഖേർ, മകരന്ദ് ദേശ്പാണ്ഡെ, അലൻസിയർ ലോപ്പസ്, ജഗപതി ബാബു, ജാഫർ സാദിഖ് (വിക്രം ഫൈയിം),സിദ്ദിഖ്, ജോണി ആന്റണി, രമേഷ് പിഷാരടി, ജനാർദ്ദനൻ, ബോബൻ സാമുവൽ, ബെന്നി പി നായരമ്പലം, ഫൈസൽ, ഉണ്ണിരാജ, വീണാ നന്ദകുമാർ, സ്മിനു സിജോ,അംബിക മോഹൻ എന്നിവരാണ് മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.ഒപ്പം അനുശ്രീ അതിഥി താരമായി പ്രത്യക്ഷപ്പെടുന്നുണ്ട്.പഞ്ചാബി ഹൗസ്, പാണ്ടിപ്പട, ചൈന ടൗൺ, തെങ്കാശിപ്പട്ടണം,റിംങ് മാസ്റ്റർ എന്നി ചിത്രങ്ങൾക്കു ശേഷം ദിലീപും റാഫിയും ഒന്നിക്കുന്ന ചിത്രമാണ് വോയിസ് ഓഫ് സത്യനാഥൻ .ബാദുഷ സിനിമാസിന്റേയും ഗ്രാന്റ് പ്രൊഡക്ഷൻസിന്റേയും ബാനറിൽ എൻ.എം ബാദുഷ, ഷിനോയ് മാത്യു, ദിലീപ്,രാജൻ ചിറയിൽഎന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമഞ്ജു ബാദുഷ,നീതു ഷിനോജ്,കോപ്രൊഡ്യൂസർരോഷിത് ലാൽ വി 14 ലവൻ സിനിമാസ്, പ്രിജിൻ ജെ പി,ജിബിൻ ജോസഫ് കളരിക്കപ്പറമ്പിൽ (യു എ ഇ).റാഫി തന്നെയാണ് കഥ, തിരക്കഥ, സംഭാഷണമെഴുതുന്നത്.

ഛായാഗ്രഹണംസ്വരുപ് ഫിലിപ്പ്,സംഗീതംഅങ്കിത് മേനോൻ,എഡിറ്റർ ഷമീർ മുഹമ്മദ്, വസ്ത്രാലങ്കാരംസമീറ സനീഷ്, കല സംവിധാനംഎം ബാവ, പ്രൊഡക്ഷൻ കൺട്രോളർ ഡിക്സൺ പൊടുത്താസ്,മേക്കപ്പ് റോണക്സ് സേവ്യർ, ചീഫ് അസ്സോസിയേറ്റ് സൈലെക്സ് എബ്രഹാം, അസ്സോസിയേറ്റ് ഡയറക്ടർ മുബീൻ എം റാഫി, ഫിനാൻസ് കൺട്രോളർ ഷിജോ ഡൊമനിക്,റോബിൻ അഗസ്റ്റിൻ,ഡിജിറ്റൽ മാർക്കറ്റിംഗ്മാറ്റിനി ലൈവ്, സ്റ്റിൽസ്ശാലു പേയാട്, ഡിസൈൻ ടെൻ പോയിന്റ്,പി ആർ ഒഎ എസ് ദിനേശ്.

## ഡാൻസ് പാർട്ടി ഫസ്റ്റ് ലുക്ക് പോസ്റ്റർ




വിഷ്ണു ഉണ്ണികൃഷ്ണൻ, ശ്രീനാഥ് ഭാസി, ഷൈൻ ടോം ചാക്കോ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി, ഭാരത സർക്കസ് എന്ന ചിത്രത്തിനു ശേഷം സോഹൻ സീനുലാൽ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഡാൻസ് പാർട്ടി എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.

ഫുക്രു, ജൂഡ് ആന്റണി ജോസഫ്, സാജു നവോദയ, ലെന, പ്രയാഗ മാർട്ടിൻ, ശ്രദ്ധ ഗോകുൽ, ജോളി ചിറയത്ത്, പ്രീതി രാജേന്ദ്രൻ , മെക്കാർട്ടിൻ, അഭിലാഷ് പട്ടാളം, നാരായണൻകുട്ടി, സംജാദ് ബ്രൈറ്റ്, ബിനു തൃക്കാക്കര, ഫൈസൽ, ഷിനിൽ, ഗോപാൽജി, ജാനകി ദേവി, അമാര, ജിനി, സുശീൽ, ബിന്ദു, ഫ്രെഡിഎന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ.ഓൾഗ പ്രൊഡക്ഷൻസിന്റെ ബാനറിൽ റെജി പ്രോത്താസിസ്, നൈസി റെജി നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ബിനു കുര്യൻ നിർവ്വഹിക്കുന്നു.സംഗീതംബിജി ബാൽ , ഗാനരചനസന്തോഷ് വർമ്മ,എഡിറ്റിംഗ്‌വി. സാജൻ,പ്രൊഡക്ഷൻ കൺട്രോളർ സുനിൽ ജോസ്,പ്രൊഡക്ഷൻ ഡിസൈനർമധു തമ്മനം,കലാസംവിധാനംസതീഷ് കൊല്ലം , മേക്കപ്പ്റോണക്സ് സേവ്യർ,കോസ്റ്റ്യൂംസ് അരുൺ മനോഹർ, ശബ്ദലേഖനംഡാൻ, ഫിനാൻസ് കൺട്രോളർ സുനിൽ പി.എസ്, കോ ഡയറക്ടർ പ്രകാശ്.കെ. മധു,സ്റ്റിൽസ് സിദാദ് കെ.എൻ,ഡിസൈൻ കോളിൻസ് ലിയോഫിൽ,പി ആർ ഒഎ എസ് ദിനേശ്.

## ചാട്ടുളി പ്രദർശനത്തിന്




ഷൈൻ ടോം ചാക്കോ, ജാഫർ ഇടുക്കി, കലാഭവൻ ഷാജോൺ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രാജ് ബാബു സംവിധാനം ചെയ്യുന്ന ചാട്ടുളി പ്രദർശനത്തിനൊരുങ്ങുന്നു.അട്ടപ്പാടിയിൽ ചിത്രീകരണം പൂർത്തിയാക്കിയ ഈ ചിത്രത്തിൽ കാർത്തിക് വിഷ്ണു, ശ്രുതി ജയൻ, ലതാ ദാസ്, വർഷ പ്രസാദ്, തുടങ്ങിയവരും അഭിനയിക്കുന്നു.നെൽസൺ ഐപ്പ് സിനിമാസ്, ഷാ ഫൈസി പ്രൊഡക്ഷൻസ്, നവതേജ് ഫിലിംസ് എന്നീ ബാനറുകളിൽ

നെൽസൺ ഐപ്പ്, ഷാ ഫൈസി, സുജൻ കുമാർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചാട്ടുളി എന്ന ചിത്രത്തിന്റെ കഥ തിരക്കഥ സംഭാഷണം ജയേഷ് മൈനാഗപ്പള്ളിഎഴുതുന്നു. പ്രമോദ്. കെ. പിള്ള ഛായാഗ്രഹണം നിർവ്വഹിക്കുന്നു.ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ,ആന്റണി പോൾ എന്നിവരുടെ വരികൾക്ക് ബിജിബാൽ, ജസ്റ്റിൻ ഫിലിപ്പോസ് എന്നിവർ സംഗീതം പകരുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഅജു വി.എസ്. പ്രൊഡക്ഷൻ കൺട്രോളർഷാജി പട്ടിക്കര,എഡിറ്റർഅയൂബ് ഖാൻ,കലഅപ്പുണ്ണി സാജൻ, മേക്കപ്പ് റഹിം കൊടുങ്ങല്ലൂർ,വസ്ത്രാലങ്കാരംരാധാകൃഷ്ണൻ മങ്ങാട്,അസോസിയേറ്റ് ഡയറക്ടർരാഹുൽ കൃഷ്ണ,അസിസ്റ്റന്റ് ഡയറക്ടേഴ്സ്കൃഷ്ണകുമാർ ഭട്ട്, നൗഫൽ ഷാജ് ഉമ്മർ, ഡോ.രജിത്കുമാർ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ബാബുരാജ് മനിശ്ശേരി, ജബ്ബാർ മതിലകം, ലൊക്കേഷൻ മാനേജർ പ്രസാദ് ശ്രീകൃഷ്ണപുരം,സംഘട്ടനംബ്രൂസ് ലി രാജേഷ്, പ്രദീപ് ദിനേശ്, സ്റ്റിൽസ്അനിൽ പേരാമ്പ്ര, പരസ്യക്കലആന്റണി സ്റ്റീഫൻ,പി ആർ ഒഎ എസ് ദിനേശ്

# അസ്ത്രായുടെ ഗാനങ്ങൾ സരിഗമ മ്യൂസിക്കിന്




പോറസ് സിനിമാസിന്റെ ബാനറിൽ പ്രേംകല്ലാട്ട് അവതരിപ്പിക്കുന്ന അസ്ത്രാ എന്ന ചിത്രത്തിലെ ഗാനങ്ങളുടെ ഓഡിയോ അവകാശം സരിഗമ മ്യൂസിക്ക് കരസ്ഥമാക്കി.ആസാദ് അലവിൽ സംവിധാനം ചെയ്യുന്ന അസ്ത്രാ പ്രേം കല്ലാട്ട്, പ്രീനന്ദ് കല്ലാട്ട് എന്നിവർ ചേർന്ന് നിർമ്മിക്കുന്നു. അമിത് ചക്കാലക്കൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ പുതുമുഖ താരം സുഹാസിനി കുമരൻ നായികയാകുന്നു. കലാഭവൻ ഷാജോൺ, സന്തോഷ് കീഴാറ്റൂർ,ശ്രീകാന്ത് മുരളി,സുധീർ കരമന,അബുസലിം, ജയകൃഷ്ണൻ, രേണു സൗന്ദർ,മേഘനാഥൻ, ചെമ്പിൽ അശോകൻ,

പുതുമുഖ താരം ജിജു രാജ്, നീനാക്കുറുപ്പ്,ബിഗ്ബോസ് താരം സന്ധ്യാ മനോജ്, പരസ്പരം പ്രദീപ്, സനൽ കല്ലാട്ട് തുടങ്ങിയവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു.ബി കെ ഹരിനാരായണൻ, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ എന്നിവരുടെ വരികൾക്ക് മോഹൻ സിത്താര ഈണം പകരുന്നു. പശ്ചാത്തല സംഗീതം റോണി റാഫേൽ. വയനാടിന്റെ പ്രകൃതിരമണീയമായ അന്തരീക്ഷത്തിൽ ദൃശ്യവൽക്കരിക്കുന്ന ഈ ക്രൈം ത്രില്ലർ ചിത്രത്തിന്റെ രചന നവാഗതരായ വിനു.കെ.മോഹൻ, ജിജുരാജ് എന്നിവർ നിർവ്വഹിക്കുന്നു.മണി പെരുമാൾ ഛായാഗ്രഹണം നിർവഹിക്കുന്നു. എഡിറ്റിംഗ് അഖിലേഷ് മോഹൻ,ചമയം രഞ്ജിത്ത് അമ്പാടി. വസ്ത്രലങ്കാരം അരുൺ മനോഹർ. പ്രൊഡക്ഷൻ കൺട്രോളർ രാജൻ ഫിലിപ്പ്, കലാസംവിധാനം ശ്യാംജിത്ത് രവി, സംഘട്ടനംമാഫിയ ശശി.അസ്ത്രാ ഉടൻ പ്രദർശനത്തിനെത്തും.പി ആർ ഒ എ എസ് ദിനേശ്.

## ഡിപ്ലോമ ഇൻ എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളജ് ജൂലൈയിൽ തുടങ്ങുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റിന് (ഉഅങ) പ്രോഗ്രാമിലേക്ക് പ്ലസ്ടു അഥവാ തത്തുല്യ യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തും. അപേക്ഷാ ഫോമും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിനു സമീപമുള്ള എസ്.ആർ.സി ഓഫീസിൽ നിന്നും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം33. ഫോൺ: 0471 2570471, 9846033009 വ്വേ:/്വ/ുെരരശ/ൃീഹഹീമറ എന്ന ലിങ്കിൽ നിന്നും അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാം. വിശദാംശങ്ങൾ ംംം.ൃെരരശ.ശി വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂൺ 30.

## വാക്ക് ഇൻ ഇന്റർവ്യൂ

**കോഴിക്കോട്:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മാവൂർ പ്രീമെട്രിക് ഹോസ്റ്റലിൽ 202324 അധ്യയന വർഷത്തിൽ രാവിലെയും വൈകുന്നേരങ്ങളിലും അഞ്ച് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന അന്തേവാസികൾക്ക് ഇംഗ്ലീഷ്, കണക്ക് ,സയൻസ്, സോഷ്യൽ സ്റ്റഡീസ്, ഹിന്ദി എന്നീ വിഷയങ്ങൾക്ക് ട്യൂഷൻ ക്ലാസ് നൽകുന്നതിന് യോഗ്യരായ ട്യൂട്ടർമാരെ നിയമിക്കുന്നു. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂൺ 23 നു രാവിലെ 10 മണിക്ക് മുൻപായി വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയും, യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം കുന്ദമംഗലം ബ്ലോക്ക് ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂവിനു ഹാജരാകണമെന്ന് പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. ഹൈസ്കൂൾ വിഭാഗത്തിലെ അപേക്ഷകർക്ക് ബി.എഡ്/തത്തുല്യ യോഗ്യതയും യു.പി വിഭാഗത്തിലെ അപേക്ഷകർക്ക് ടി.ടി.സി /തത്തുല്ല്യ യോഗ്യതയും ഉണ്ടായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 9188920084, 949545657.

## ലേലം നടത്തുന്നു

**കോഴിക്കോട്:** മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ അപകടാവസ്ഥയിലുള്ള നമ്പറിട്ട ഒരു മട്ടി മരവും, പെർമെന്റ് നഴ്സറിക്ക് ഭീഷണിയായ നമ്പറിട്ട 5 മരങ്ങളുടെ (ചരൽക്കൊന്ന 2, പാല 1, മഴമരം 1, തേക്ക് 1) ശാഖകളും ചില്ലകളും മുറിച്ചുമാറ്റുന്നതിനും തുടർന്ന് തടികളും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിനും ജൂൺ 24 ന് വൈകീട്ട് 3 മണിക്ക് ദർഘാസ് കം ലേലം നടത്തുന്നു. അന്നേ ദിവസം മൂന്ന് മണിക്ക് നിരതദ്രവ്യം അടച്ചവരെ മാത്രം ഉൾച്ചെടുത്തി മരങ്ങളുടെ ലേലം നടത്തും. ലേലത്തിന് ശേഷം ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ ദർഘാസുകൾ തുറക്കും. ദർഘാസ് ഫോറത്തിന്റെ വില : 300 + 18% (ജി എസ് ടി ) = 354 രൂപ. നിരത ദ്രവ്യം : 690 രൂപ. കൂടുതൽ വിവരങ്ങൾക്ക് : 0495 2414702

# കെട്ടിട നിർമാണത്തിന് അനുമതി: എബിസി പദ്ധതിക്ക് അനക്കംവയ്ക്കുന്നു



**പടിഞ്ഞാറത്തറ:** കെട്ടിട നിർമാണത്തിന് അനുമതിയായതോടെ എബിസി പദ്ധതിക്കു ജീവൻ വയ്ക്കുന്നു. തെരുവുനായ് ജനന നിയന്ത്രണത്തിനുള്ള ഈ പദ്ധതിക്കു വർഷങ്ങൾക്കു മുൻപു നിർമിച്ച കെട്ടിടം നിലവിലുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ പദ്ധതി നടപ്പായിരുന്നില്ല. കെട്ടിടത്തിലെ സ്ഥലപരിമിതിയാണു തടസ്സമായത്. തുടർന്ന് കഴിഞ്ഞ സാമ്പത്തിക വർഷം 43,66,255 രൂപ ഫണ്ട് അനുവദിച്ചു ടെൻഡർ നടപടികൾ പൂർത്തീകരിച്ചെങ്കിലും പ്രവൃത്തി തുടങ്ങിയില്ല.

തുടർന്ന് നിലവിലെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രൊജക്ട് ആയി ഉൾപ്പെടുത്തി. 24.3 മീറ്റർ നീളവും 11.3 മീറ്റർ വീതിയിലുമുള്ള കെട്ടിടമാണ് പുതിയതായി നിർമിക്കുന്നത്. ഇതിൽ 90സെന്റീമീറ്റർ വീതിയിലും 120 സെന്റീമീറ്റർ നീളവും 180 സെന്റീമീറ്റർ ഉയരവുമുള്ള 84 കൂടുകളും ഉണ്ടാകും. കെട്ടിട നിർമാണം ഉടനെ തുടങ്ങുമെന്നും അധികൃതർ അറിയിച്ചു. കൽപറ്റ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്തുകളും കൽപറ്റ, മാനന്തവാടി നഗരസഭകളും 14 പഞ്ചായത്തുകളും ചേർന്ന് 60 ലക്ഷം രൂപയാണ് പദ്ധതി വിഹിതം അനുവദിച്ചത്.




# കണ്ണൂർ റെയിൽവേ സ്റ്റേഷൻ: 460 കോടി അനുവദിക്കും

**കണ്ണൂർ:** റെയിൽവേ സ്റ്റേഷനെ വിമാനത്താവള മാതൃകയിൽ വികസിപ്പിക്കുന്നത് പരിഗണനയിലെന്ന് റെയിൽവേ പാസഞ്ചർ അമിനിറ്റീസ് കമ്മിറ്റി ചെയർമാൻ പി.കെ.കൃഷ്ണദാസ്. സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ പാലക്കാട് ഡിവിഷനിലെ സ്റ്റേഷനുകളിൽ പരിശോധന നടത്തുന്നതിന്റെ ഭാഗമായി റെയിൽവേ സ്റ്റേഷൻ സന്ദർശിക്കുമ്പോഴാണ് ഇക്കാര്യം അറിയിച്ചത്. 250 കോടി മുതൽ 460 കോടി രൂപ വരെ ചെലവിൽ സൗകര്യങ്ങൾ ഒരുക്കുന്ന കാര്യമാണ് പരിഗണിക്കുന്നത്.

ഡിആർഎം ഉൾപ്പെടെ ഉന്നത റെയിൽവേ ഉദ്യോഗസ്ഥരുമായി നടക്കുന്ന യോഗത്തിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യും. റെയിൽവേ മന്ത്രി, റെയിൽവേ ബോർഡ് ചെയർമാൻ എന്നിവരെക്കൂടി കാര്യങ്ങൾ ബോധ്യപ്പെടുത്തി പദ്ധതിക്ക് അംഗീകാരം നേടിയെടുക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ലൗഞ്ച് സൗകര്യം വർധിപ്പിക്കാനും കൂടുതൽ ഇരിപ്പിടങ്ങൾ, ഫാനുകൾ എന്നിവ സജ്ജമാക്കാനും നിർദേശിച്ചു. പത്തംഗ പിഎസി സംഘത്തെ സ്റ്റേഷൻ മാനേജർ എസ്.സജിത്ത് കുമാർ, ഡപ്യൂട്ടി സ്റ്റേഷൻ മാനേജർ പി.വി.രാജീവ് കുമാർ, ചെന്നൈ സോണൽ റെയിൽവേ കൺസൽട്ടേറ്റീവ് കമ്മിറ്റി അംഗം, ഡിആർയുസിസി അംഗം എം.എസ്.ബി.രമേഷ്, ബിജെപി ജില്ലാ പ്രസിഡന്റ് എൻ.ഹരിദാസ്, സംസ്ഥാന സെക്രട്ടറി കെ.രഞ്ജിത്ത്, മണ്ഡലം പ്രസിഡന്റ് അർച്ചന വണ്ടിച്ചാൽ, ബിനിൽ കണ്ണൂർ തുടങ്ങിയവർ ചേർന്നു സ്വീകരിച്ചു.

സൗത്ത് സ്റ്റേഷനെ കൊച്ചുവേളി മാതൃകയിൽ വികസിപ്പിക്കുന്നതു മുന്നോട്ടു വച്ച ആശയം റെയിൽവേ മന്ത്രിക്കു മുന്നിലും റെയിൽവേ ബോർഡ് ചെയർമാനുമായുള്ള യോഗത്തിലും അവതരിപ്പിക്കുമെന്ന് കൃഷ്ണദാസ് ഉറപ്പു നൽകി. കണ്ണൂർ സൗത്തിൽ റെയിൽവേയുടെ കൈവശമുള്ള പത്ത് ഏക്കറിലേറെ ഭൂമി ഉപയോഗപ്പെടുത്തി ട്രെയിനുകൾ പുറപ്പെടാനും യാത്ര അവസാനിപ്പിക്കാനും പറ്റുന്ന തരത്തിലുള്ള ടെർമിനലായി വികസിപ്പിക്കുകയാണു ലക്ഷ്യം. കണ്ണൂർ നഗരത്തിന്റെ വികസനംകൂടി മുന്നിൽക്കണ്ടാണ് ഇക്കാര്യം പരിഗണിക്കുന്നതെന്നു കൃഷ്ണദാസ് പറഞ്ഞു.

സാമൂഹിക വിരുദ്ധർക്ക് താവളമാകുന്ന, റെയിൽവേയുടെ പഴയ കെട്ടിടങ്ങൾ ഒരു മാസത്തിനകം പൊളിച്ചു നീക്കും.

5 വർഷം മുൻപു പൊളിക്കാൻ തീരുമാനിച്ചവയാണ്. കെട്ടിടങ്ങൾ പൊളിച്ച് കിഴക്കേ കവാടത്തിൽ കൂടുതൽ പാർക്കിങ് സൗകര്യം ഏർപ്പെടുത്തണമെന്നും കൃഷ്ണദാസ് നിർദേശിച്ചു.

## മെഡിക്കൽ കോളേജിൽ സെക്യൂരിറ്റി നിയമനം

**കോഴിക്കോട്:** ഗവ.മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിക്ക് കീഴിൽ വിമുക്ത ഭടൻമാരെ താൽകാലികമായി സെക്യൂരിറ്റി ജീവനക്കാരായി നിയമിക്കുന്നു. 690 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ 179 ദിവസത്തേക്കാണ് നിയമനം. പ്രായപരിധി 56 വയസ്സിന് താഴെ. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂൺ 24 ന് രാവിലെ 10 മണിക്ക് അസൽ രേഖകൾ സഹിതം എം.സി.എച്ച്. സെമിനാർ ഹാളിൽ (പേവാർഡിനു സമീപം) എത്തിച്ചേരണമെന്ന് സെക്രട്ടറി അറിയിച്ചു.

## കുവൈറ്റിൽ ഡോക്ടർ നിയമനം

**കോഴിക്കോട്:** കേരള സർക്കാർ സ്ഥാപനമായ ഒഡെപെക്ക് മുഖേനെ കുവൈറ്റ് ആരോഗ്യ മേഖലയിലേക്ക് നിയമനത്തിനായി ഡോക്ടർമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഫിസിഷ്യൻ, കൺസൽട്ടന്റ്, സ്പെഷ്യലിസ്റ്റ് , സീനിയർ രജിസ്ട്രാർ, രജിസ്ട്രാർ എന്നീ തസ്തികകളിലേക്കാണ് നിയമനം. എം ബി ബി എസ്, എം ഡി, പി എച്ച് ഡി എന്നിവയാണ് അടിസ്ഥാന യോഗ്യതകൾ. ആറ് മുതൽ 15 വർഷം പ്രവൃത്തി പരിചയം നിർബന്ധമാണ്. അപേക്ഷകർ 55 വയസ്സിനു താഴെ പ്രായമുള്ളവരുമായിരിക്കണം. ആകർഷകമായ ശമ്പളം, താമസ സൗകര്യം, വിസ, എയർ ടിക്കറ്റ് എന്നിവ തികച്ചും സൗജന്യവുമായിരിക്കും. താത്പര്യമുള്ളവർ ബയോഡേറ്റ, പാസ്പോർട്ടിന്റെ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ജൂൺ 25 നു മുൻപായി സൗമെശ@ീറലുര.ശി എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ംംം.ീറലുര.സല്യമഹമ.ശി 04712329440/41/42/43/45, 7736496574

## ലാബ് ടെക്നിഷ്യൻ ട്രെയിനി

**കോഴിക്കോട്:** ഗവ. മെഡിക്കൽ കോളേജ് മാതൃശിശു സംരക്ഷണ കേന്ദ്രം എച്ച് ഡി എസിന് കീഴിൽ ലാബ് ടെക്നിഷ്യൻ ഒഴിവിലേക്ക് ആറു മാസത്തേയ്ക്ക് ട്രെയിനികളെ നിയമിക്കുന്നു. ട്രെയിനിംഗ് കാലയളവിൽ 5000 രൂപ സ്റ്റൈപ്പൻഡ് നൽകും. യോഗ്യത: ഡി എം എൽ ടി. പ്രായപരിധി : 18 35 വയസ്സ് താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകൾ സഹിതം ജൂൺ 21 ന് 11.30 മണിക്ക് ഐ എം സി എച്ച് സൂപ്രണ്ട് ഓഫീസിൽ ഇന്റർവ്യൂവിന് ഹാജരാകണമെന്ന് സെക്രട്ടറി അറിയിച്ചു.

## ക്വട്ടേഷനുകൾ ക്ഷണിച്ചു

**കോഴിക്കോട്:** കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള കോഴിക്കോട് തുറമുഖ ഓഫീസിലെ കമ്പ്യൂട്ടറുകൾ വൈദ്യുതി നിലക്കുന്ന സമയങ്ങളിലും പ്രവർത്തിപ്പിക്കുന്നതിന് ഐ.എസ്.ഐ. നിലവാരമുള്ള 5 കെ.വി. ഇൻവെർട്ടർ യു.പി.എസ് സിസ്റ്റം വാങ്ങുന്നതിന് വ്യക്തികളിൽ നിന്നോ/ സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ മുദ്രവെച്ച കവറിൽ പോർട്ട് ഓഫീസർ കോഴിക്കോട് എന്ന വിലാസത്തിൽ ജൂൺ 30ന് ഒരു മണിക്ക് മുമ്പായി സമർപ്പിക്കണം. ക്വട്ടേഷന്റെ പുറം കവറിൽ 'ക്വട്ടേഷൻ നമ്പർ നം. സി 1 3924/19 ബേപ്പൂർ തുറമുഖ ഓഫീസിലേക്ക് ഇൻവെർട്ടർ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അന്നേ ദിവസം രണ്ട് മണിക്ക് തുറക്കും. കൂടുതൽ വിവരങ്ങൾക്ക് : 0495 2414863, 0495 2418610

# എന്റെ ഭൂമി ഇന്റഗ്രേറ്റഡ് പോർട്ടൽ സംവിധാനം അടുത്ത മാസം ആരംഭിക്കും: മന്ത്രി കെ.രാജൻ



**കൊച്ചി:** സംസ്ഥാനത്തെ 15 വില്ലേജുകളിൽ എന്റെ ഭൂമി എന്ന പേരിൽ ഇന്റഗ്രേറ്റഡ് പോർട്ടൽ സംവിധാനം അടുത്ത മാസം ആരംഭിക്കുമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ.രാജൻ പറഞ്ഞു. ഏലൂരിൽ നിർമ്മാണം പൂർത്തിയാക്കിയ സ്മാർട്ട് വില്ലേജ് ഓഫീസിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. രജിസ്ട്രേഷൻ വകുപ്പിന്റെ പോർട്ടലായ പേൾ, റവന്യൂ വകുപ്പിന്റെ പോർട്ടലായ റിലീസ്, സർവ്വേ വകുപ്പിന്റെ പോർട്ടലായ ഇ മാപ്പ് ഇവയെല്ലാം സംയോജിപ്പിച്ചാണ് ഇന്റഗ്രേറ്റഡ് പോർട്ടൽ സംവിധാനം ഒരുങ്ങുന്നത്. 14 ജില്ലകളിൽ ഓരോ വില്ലേജുകളിലും നെയ്യാറ്റിൻകരയിലെ ഒരു വില്ലേജും ചേർത്താണ് 15 വില്ലേജുകളിൽ ആദ്യഘട്ടത്തിൽ പോർട്ടൽ സംവിധാനം ആരംഭിക്കുന്നത്. കേരളത്തിന്റെ  ചരിത്രത്തിൽ ആദ്യമായി ഇന്റഗ്രേറ്റഡ് പോർട്ടൽ സാധ്യമാക്കുന്ന വിധത്തിൽ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണെന്നും മന്ത്രി പറഞ്ഞു.കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും ഭൂമിക്ക് രേഖയുണ്ടാക്കി കൊടുക്കുക എന്ന വളരെ പ്രധാനപ്പെട്ട പ്രവർത്തനമാണ് റവന്യൂ, സർവ്വേ വകുപ്പുകളുടെ നേതൃത്വത്തിൽ  നടപ്പിലാക്കി വരുന്നത്. 1965ൽ റീ സർവ്വേ നടപടികൾ ആരംഭിച്ചുവെങ്കിലും 925 വില്ലേജുകളിലാണ് സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. ഇതിൽ 95 എണ്ണത്തിൽ മാത്രമാണ് ഡിജിറ്റലായി അളക്കാൻ സാധിച്ചിട്ടുള്ളത്. 21 എണ്ണത്തിന്റെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. നാലു വർഷത്തിനകം 1,550 വില്ലേജ് ഓഫീസുകളിലെ ഡിജിറ്റൽ സർവെ പൂർത്തിയാക്കുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.022 നവംബർ ഒന്നിന് ഡിജിറ്റൽ റീസർവേയുടെ ഔപചാരിക ഉദ്ഘാടനം നടന്ന് ഒമ്പതുമാസം പിന്നിടുമ്പോൾ 92000 ഹെക്ടർ ഭൂമി അളന്ന് തിട്ടപ്പെടുത്തി. 848.47 കോടി രൂപ ചെലവിൽ ഡിജിറ്റൽ റീസർവയുടെ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ഇന്ത്യയിലെ തന്നെ ആദ്യത്തെ ഡിജിറ്റൽ റീസർവ്വേ പൂർത്തിയാക്കിയ സംസ്ഥാനമായി കേരളം മാറുമെന്നും മന്ത്രി പറഞ്ഞു. വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആകുമ്പോൾ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളും സ്മാർട്ട് ആവണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു. വിവിധ ആവശ്യങ്ങളുമായി സർക്കാർ ഓഫീസുകളിൽ എത്തുന്നവർക്ക് എല്ലാവിധ സേവനങ്ങളും ലഭ്യമാകണം.  സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ അദാലത്തുകളിൽ വർഷങ്ങളായി തീർപ്പാകാതെ കിടന്ന പരാതികളാണ് തീർപ്പാക്കിയത്. ഒറ്റ തവണ കൊണ്ട് അദാലത്ത് തീരുന്നില്ല, ഇതിന്റെ പുരോഗതി അടുത്ത മാസം വിലയിരുത്തും. സെപ്റ്റംബറിൽ മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ മേഖല അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തുമെന്നും മന്ത്രി പറഞ്ഞു. ഏലൂർ സ്മാർട്ട് വില്ലേജ് ഓഫീസിനോട് ചേർന്ന് നിൽക്കുന്ന വാട്ടർ മെട്രോ നിർമ്മാണം ഉടൻ പൂർത്തിയാകും. ഓപ്പറേഷൻ വാഹിനിയുടെ പ്രവർത്തനങ്ങളും കളമശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന ശുചിത്വത്തിന ഒപ്പം കളമശ്ശേരിയുടെ പ്രവർത്തനങ്ങളും മികച്ച രീതിയിൽ മുന്നോട്ടു പോകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.ഏലൂർ വില്ലേജ് ഓഫീസ് പരിസരത്ത് നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ഏലൂർ നഗരസഭ ചെയർമാൻ എ.ഡി സുജിൽ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ് ഷാജഹാൻ, പറവൂർ തഹസിൽദാർ കെ.എൽ  അംബിക,  സംസ്ഥാന നിർമ്മിതി കേന്ദ്രം റീജിയണൽ എൻജിനീയർ റോബർട്ട് വി തോമസ്, നഗരസഭ വൈസ് ചെയർപേഴ്സൺ ലീലാ ബാബു, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി.എം ഷെനിൽ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ  അംബിക ചന്ദ്രൻ, ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ പി.എ ഷെഫീഖ്, മരാമത്ത്കാര്യ അധ്യക്ഷ  ദിവ്യ നോബി, വിദ്യാഭ്യാസകാര്യ അധ്യക്ഷൻ പി.ബി രാജേഷ്, വാർഡ് കൗൺസിലർ സാജു തോമസ്, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# നല്ല വായന ലോകത്തെ സ്നേഹിക്കാൻ പഠിപ്പിക്കും: പ്രൊഫ.എം.കെ സാനു



**കൊച്ചി:** നല്ല വായന ലോകത്തെ സ്നേഹിക്കാൻ പഠിപ്പിക്കുമെന്നും മനുഷ്യൻ സ്നേഹിക്കാൻ പഠിക്കുന്നത് സാഹിത്യത്തിലൂടെയാണെന്നും പ്രൊഫ.എം.കെ സാനു പറഞ്ഞു. ജില്ലാ ലൈബ്രറി കൗൺസിൽ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.എൻ. പണിക്കർ ഫൗണ്ടേഷൻ, സാക്ഷരതാ മിഷൻ, യു.സി. കോളേജ് മലയാള വിഭാഗം എന്നിവരുടെ സഹകരണത്തോടെ ആലുവ യു.സി കോളേജ് ടി.ബി നൈനാൻ ഹാളിൽ നടന്ന ജില്ലാതല വായന പക്ഷാചാരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.വായനയിലൂടെ നേടേണ്ട സംസ്കാരം ധർമ്മബോധമാണെന്നും മതഭ്രാന്തിന് അതിൽ സ്ഥാനമില്ലെന്നും പ്രൊഫ.സാനു പറഞ്ഞു. ആഴത്തിൽ വായിച്ചാൽ ലോകത്തെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചും വലിയ അത്ഭുതം തോന്നും. നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്ന ക്രിസ്തുവിന്റെ വാക്കാണ് സാഹിത്യത്തിന്റെയും ഭാഷ. ലിയോ ടോൾസ്റ്റോയിയെ ആത്മഹത്യയിൽ നിന്ന് പിന്തിരിപ്പിച്ചത് വായനയാണെന്നും അദ്ദേഹം പറഞ്ഞു.വായന ജന്മനാ കിട്ടുന്ന വാസനയാണ്. ആ വാസന ഇല്ലെങ്കിൽ വളർത്തി എടുക്കണം. നല്ല പുസ്തകങ്ങൾ ലഭിച്ചാൽ പുലർച്ചെ വരെ ഇരുന്നു വായിക്കുന്നതായിരുന്നു തന്റെ ശീലമെന്നും അദ്ദേഹം പറഞ്ഞു. വായനയിലൂടെ സ്വയം മഹത്വത്തിന്റെ അംശം ഉൾക്കൊണ്ട് മറ്റുള്ളവരെയും മഹത്വം കൈവരിക്കാൻ പ്രാപ്തരാക്കണമെന്നും അദ്ദേഹം പറഞ്ഞു.കവിതയുടെ താളപ്രമാണങ്ങൾ എന്ന വിഷയത്തിൽ കെ.ബി രാജ് ആനന്ദ് പ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ എം.ജെ ജോമി വായനാദിന സന്ദേശം നൽകി.സംസ്ഥാന അധ്യാപക അവാർഡ് ജേതാക്കളായ സീമ കനകാംബരൻ(എസ്.എൻ.ഡി.പി എച്ച്എസ്എസ്, ആലുവ), പ്രമോദ് മാല്യങ്കര(എസ്.എൻ.ഡി.പി സംസ്കൃത എച്ച്.എസ്.എസ് നന്ത്യാർകുന്നം), മിനി മാത്യു(ഗവ.യു.പി സ്കൂൾ, വാഴക്കുളം), തസ്മിൻ ഷിഹാബ്(ഗവ.എച്ച്.എസ്.എസ് പേഴയ്ക്കാപ്പിള്ളി) എന്നിവരെ വായനാദിനത്തോടനുബന്ധിച്ച് പ്രൊഫ.എം.കെ സാനു ആദരിച്ചു.ആലുവ യു.സി കോളേജ് പ്രിൻസിപ്പൽ ഡോ.എം.ഐ പുന്നൂസ് അധ്യക്ഷത വഹിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ നിജാസ് ജുവൽ, സാക്ഷരതാ മിഷൻ ജില്ലാ കോ ഓഡിനേറ്റർ ദീപ ജെയിംസ്, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി എം.ആർ സുരേന്ദ്രൻ, വൈസ് പ്രസിഡന്റ് ഷെറീന ബഷീർ തുടങ്ങിയവർ പങ്കെടുത്തു

## കേരളത്തിലെ വിദ്യാഭ്യാസ രംഗം മികവിന്റെ പാതയിൽ : മന്ത്രി പി. രാജീവ്



**കൊച്ചി:** കേരളത്തിലെ അങ്കണവാടി മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെ മികവിന്റെ പാതയിലാണെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. തൃക്കാക്കര നഗരസഭയിൽ എട്ടാം വാർഡിൽ നിർമ്മിച്ച 73ാം നമ്പർ അങ്കണവാടി ഉദ്ഘാടനം ചെയ്തുകൊ് സംസാരിക്കുകയായിരുന്നു മന്ത്രി.
നാക് (ചഅഅഇ)  ഉൾപ്പെടെയുള്ളവയുടെ പട്ടികയിൽ മികച്ച റാങ്ക് നേടാൻ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടു്. അങ്കണവാടികൾ എല്ലാം സ്മാർട്ടാവുകയാണ്. വളരെ പരിമിതമായ സ്ഥലത്ത് 2300 സ്ക്വയർഫീറ്റിൽ മൂന്ന് നിലകളിലായിട്ടാണ് അങ്കണവാടി കെട്ടിടം പണിപൂർത്തീകരിച്ചിരിക്കുന്നത്.  കുട്ടികളുടെ അഭിരുചികൾ മനസ്സിലാക്കി അവരുടെ വളർച്ചയ്ക്ക് സഹായകരമായ രീതിയിൽ  പുതിയ കെട്ടിടം മാറണമെന്നും മന്ത്രി പറഞ്ഞു. അങ്കണവാടി പരിസരത്ത് നടന്ന പരിപാടിയിൽ ഉമ തോമസ് എംഎൽഎ അധ്യക്ഷത വഹിച്ചു. തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ അജിത തങ്കപ്പൻ, വൈസ് ചെയർമാൻ എ എ ഇബ്രാഹിംകുട്ടി, വികസന കാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ സ്മിത സണ്ണി, കൗൺസിലർമാരായ അനിത ജയചന്ദ്രൻ, അബ്ദു ഷാന, തൃക്കാക്കര നഗരസഭ സെക്രട്ടറി (ഇൻ ചാർജ് ) ടി കെ ഹരിദാസൻ, ജനപ്രതിനിധികൾ, അങ്കണവാടി ജീവനക്കാർ, രക്ഷിതാക്കൾ തുടങ്ങിയവർ   പങ്കെടുത്തു.

## ആവോലിയി ലെ കോളനികളിൽ ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു



**കൊച്ചി:** ആവോലി ഡിവിഷനിലെ കൂടുതൽ കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. മഞ്ഞള്ളൂർ പഞ്ചായത്തിൽ സംഘടിപ്പിച്ച ഹൈമാസ്റ്റ് ലൈറ്റുകളുടെ ഡിവിഷൻതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.  പഞ്ചായത്തിലെ മണിയന്തടം പട്ടികജാതി കോളനിയിലെ അഞ്ച്, ആറ് വാർഡുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഏഴ് മിനി ഹൈമാസ്സ് ലൈറ്റുകളാണ് സ്ഥാപിച്ചത്. വിവിധ പഞ്ചായത്തുകളിലായി മുപ്പതുലക്ഷം രൂപ ചിലവിലാണ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചത്. ആവോലി ഡിവിഷനു കീഴിലെ ആയവന പഞ്ചായത്തിലെ പാറത്താഴം എസ്.സി. കോളനി, കുന്നക്കാട്ടുമല എസ്.സി. കോളനി, ആവോലി പഞ്ചായത്തിലെ ചെങ്ങറ കോളനി, മംഗലത്ത് കോളനി , ഉതുമ്പോലിത്ത് എസ്.സി.കോളനി, ആരക്കുഴ പഞ്ചായത്തിലെ  നെടുമ്പാറ, മുതുകല്ല് എസ് സി കോളനി, പാലക്കുഴ പഞ്ചായത്തിലെ ഇടമലക്കുന്ന് കോളനി, ഇല്ലികുന്നുകോളനി എന്നിവിടങ്ങളിലായി നിലവിൽ 23 ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്.ചടങ്ങിൽ മഞ്ഞള്ളൂർ പഞ്ചായത്ത് പ്രസിഡന്റ് ആൻസി ജോസ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ടോമി തന്നിട്ടാമാക്കൽ, ജോസ് പെരുമ്പള്ളികുന്നേൽ, രതീഷ് മോഹനൻ, സെലിൻ ഫ്രാൻസിസ്, ബിന്ദു ഗോപി, സാൻഡോസ് മാത്യു, എ.കെ. ഇബ്രാഹിം, ജിജി പാറക്കാട്ടിൽ, റിജോ ജോസഫ്, ജിന്റോ ടോമി, സിന്ദുമണി എന്നിവർ പങ്കെടുത്തു.

## പട്ടിക ജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ പരാതി പരിഹാര അദാലത്ത്

**കൊച്ചി:** സംസ്ഥാന പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ നിലവിലുള്ള പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി എറണാകുളം ജില്ലയിൽ ജൂലൈ 19, 20 തീയതികളിൽ പരാതി പരിഹാര അദാലത്ത് നടത്തും. കാക്കനാട് സിവിൽ സ്റ്റേഷൻ ജില്ലാ പ്ലാനിംഗ് ഹാളിൽ രാവിലെ 10.30 മുതൽ വൈകുന്നേരം 5 വരെ നടത്തുന്ന അദാലത്തിന് കമ്മീഷൻ ചെയർമാൻ എസ്. മാവോജി, മെമ്പർമാരായ എസ്. അജയകുമാർ, അഡ്വ. സൗമ്യ സോമൻ എന്നിവർ നേതൃത്വം നൽകും.പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാരുടെ വിവിധ വിഷയങ്ങളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണയിൽ ഇരിക്കുന്നതുമായ കേസുകളിൽ, പരാതിക്കാരെയും പരാതി എതിർ കക്ഷികളെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ട് പരാതികൾ തീർപ്പാക്കും. അതോടൊപ്പം പുതിയ പരാതികൾ സ്വീകരിക്കുന്നതിനും സൗകര്യം ഉായിരിക്കും.പരാതി പരിഹാര അദാലത്തിൽ ബന്ധപ്പെട്ട പോലീസ് ഓഫീസർമാർ, റവന്യു വകുപ്പ്, വനം വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പഞ്ചായത്ത് വകുപ്പ്, ആരോഗ്യ വകുപ്പ്, സഹകരണവകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംബന്ധിക്കും.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള ജില്ലയിലെ ഇടപ്പള്ളി ഐ.സി.ഡി.എസ്. പ്രൊജക്റ്റ് ഓഫീസിലെ 101 അങ്കണവാടികളിലേക്ക് പ്രീസ്കൂൾ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ജി.എസ്.ടി രജിസ്ട്രേഷനുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സമർപ്പിക്കേ അവസാന തീയതി ജൂലൈ ഒന്ന് ഉച്ചയ്ക്ക് മൂന്നു വരെ. ടെൻഡർ ഫോറം ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾക്കും എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10.30 നും വൈകുന്നേരം 4.30 നും ഇടയിൽ ഐ.എം.ജി ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഇടപ്പള്ളി ശിശുവികസന പദ്ധതി ഓഫീസിൽ നേരിട്ട് ബന്ധപ്പെടാം. ഇമെയിൽ edappallycdpo@gmail.com

## കെൽട്രോൺ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കെൽട്രോൺ കേരളത്തിലുടനീളമുള്ള നോളഡ്ജ് സെന്ററുകളിലൂടെ നടത്തുന്ന പ്രോഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് സപ്ലൈ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സിന് പ്ലസ് ടു, വി.എച്ച്.എസ്.ഇ, ഡിപ്ലോമയോ അതിൽ കൂടുതലോ യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. വിവിധ ജില്ലകളിൽ പഠന കേന്ദ്രങ്ങൾ ലഭ്യമാണ്. ഉയർന്ന തൊഴിൽ സാധ്യതയുള്ള കോഴ്സിന് ഓരോ സെന്ററിലും ആദ്യ ബാച്ചിൽ 30 വീതം വിദ്യാർത്ഥികൾക്കാണ് അവസരം ലഭിക്കുക. കൂടുതൽ വിവരങ്ങങ്ങൾക്കും അപേക്ഷാ ഫോമിനും കലൂർ എംഇഎസ് ബിൽഡിങ്ങിലുള്ള കെൽട്രോൺ പഠന കേന്ദരം നേരിട്ട് സന്ദർശിക്കുകയോ ഹെൽപ് ലൈൻ നമ്പറുകളഇൽ വിളിച്ച് രജിസ്ട്രേഷൻ പൂർത്തീകരിക്കുകയോ ചെയ്യുക. ഫോൺ 9526593830, 04842971400.
www.ketlron.org, https://ksg.ketlron.in

## ഗസ്റ്റ് അധ്യാപക ഒഴിവ്

**കൊച്ചി:** വൈപ്പിൻ ഗവ:ആർട്സ് ആൻഡ് സയൻസ് കോളേജിൽ 202324 അധ്യയന വർഷത്തിൽ ഇംഗ്ലീഷ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ അതിഥി അധ്യാപകരുടെ ഓരോ ഒഴിവ് . എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപ മേധാവിയുടെ കാര്യാലയത്തിൽ ഗസ്റ്റ് അധ്യാപക പാനലിൽ രജിസ്റ്റർ ചെയ്ത യു ജി സി മാനദണ്ഡമനുസരിച്ച് നിശ്ചിത യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അഭിമുഖത്തിൽ പങ്കെടുക്കേവർ ഇംഗ്ലീഷ് ജൂലൈ 3 രാവിലെ 10ന്, കോമേഴ്സ് ജൂലൈ 4 ന് രാവിലെ 10.30 ന് സമയക്രമം പ്രകാരം കോളേജിൽ എത്തിച്ചേരണം. വൈകി എത്തുന്ന ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതല്ല. (ഫോൺ 81299052934, 9188900177 ഇമെയിൽ vypingc@gmail.com)

## ബ്ലോക്ക് കോഓഡിനേറ്റർ ഒഴിവ്

**കൊച്ചി:** ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിലെ പ്രോജക്ടിന്റെ ഭാഗമായുള്ള ബ്ലോക്ക് കോഓഡിനേറ്ററുടെ തസ്തികയിൽ മൂന്ന് ഒഴിവ് നിലവിലുണ്ട്. നിശ്ചിത യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം ജൂലൈ നാലിന് മുമ്പ് അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം. പ്രായപരിധി 18 നും 35 നുമിടയിൽ (2023 ജനുവരി ഒന്നിന് ). ഡിഗ്രി, പ്രവൃത്തി പരിചയം, എഴുതുവാനും സംസാരിക്കാനുമുള്ള കഴിവ്.

# സീഫുഡ് കയറ്റുമതി: സുസ്ഥിരത മെച്ചപ്പെടുത്താൻ സിഎംഎഫ്ആർഐ

**കൊച്ചി:** സീഫുഡ് കയറ്റുമതിയിൽ നേട്ടം കൊയ്യാൻ കേരളതീരത്ത് നിന്നും പിടിക്കുന്ന സമുദ്രസമ്പത്തിന്റെ സുസ്ഥിരത മെച്ചപ്പെടുത്താനൊരുങ്ങി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ട്രോൾവല ഉപയോഗിച്ചു സംസ്ഥാനത്തുനിന്നും പിടിക്കുന്ന 11 ഇനം ചെമ്മീൻ,കണവ,കൂന്തൽ വിഭവങ്ങൾ സുസ്ഥിരമായി മത്സ്യബന്ധനം നടത്തുന്നതിനുള്ള ശാസ്ത്രീയ അടിത്തറയൊരുക്കുന്നതിന് സിഎംഎഫ്ആർഐ മുൻകയ്യെടുക്കും. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (എസ്ഇഎഐ) അഭ്യർത്ഥനയെ തുടർന്നാണ് നടപടി.കരിക്കാടി, പൂവാലൻ, ആഴക്കടൽ ചെമ്മീനുകൾ, കൂന്തൽ, കണവ, നീരാളി, പാമ്പാട, കിളിമീൻ ഇനങ്ങൾ എന്നിവയുടെ സ്ഥിതിവിവര കണക്കുകളും, ഈ വിഭവങ്ങളുടെ മൊത്തലഭ്യതയും ആരോഗ്യാവസ്ഥയും തിട്ടപ്പെടുത്തി സുസ്ഥിരമായി പിടിക്കാവുന്ന ശാസ്ത്രീയമായ അളവ് നിജപ്പെടുത്തുന്നതിനുമായി സിഎംഎഫ്ആർഐ എസ്ഇഎഐയുമായി ചേർന്ന് കൺസൽട്ടൻസി പ്രൊജക്ടിന് തുടക്കം കുറിക്കും.ഇതിനായി സിഎംഎഫ്ആർഐയും എസ്ഇഎഐയും തമ്മിൽ പരസ്പരധാരണയിലെത്തി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണ




നും എസ്ഇഎഐക്ക വേണ്ടി എ ജെ തരകനും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. കയറ്റുമതി ചെയ്യുന്ന ഇനങ്ങൾക്ക് വിദേശപിപണികളിൽ മൂല്യം വർധിപ്പിക്കാനാണ് ഈ നടപടി. അന്താരാഷ്ട്ര വിപണികളിൽ സുസ്ഥിരത ഉറപ്പുവരുത്തി പിടിക്കുന്ന സീഫുഡ് ഇനങ്ങൾക്കാണ് കൂടുതൽ സ്വീകാര്യതയും ആവശ്യക്കാരുമുള്ളത്. സുസ്ഥിരപരിപാലനരീതികൾ ശക്തിപ്പെടുത്തുന്നതിലൂടെ കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്ന സമുദ്രസമ്പത്തിന് വിദേശരാജ്യങ്ങളിൽ സ്വീകാര്യത വർധിക്കുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.

# ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുവാൻ സംവിധാനം ഏർപ്പെടുത്തി കൊച്ചി നഗരസഭ

**കൊച്ചി:** കൊച്ചി നഗരത്തിലെ വീടുകളിലെ ഡയപ്പറുകളും, സാനിട്ടറി നാപ്കിനുകളും ഉൾപ്പെടെയുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുവാൻ സംവിധാനമായി. കൊച്ചി നഗരവാസികളുടെ കുറെകാലമായുള്ള പ്രയാസത്തിനാണ് ഇതിലൂടെ പരിഹാരമാകുന്നത്. മുമ്പ് നഗരത്തിലെ മാലിന്യ ശേഖരണ തൊഴിലാളികളായിരുന്നു ഇവ പ്ലാസ്റ്റിക് മാലിന്യങ്ങളോടൊപ്പം ശേഖരിച്ച് ബ്രഹ്മപുരത്ത് എത്തിച്ചിരുന്നത്. തീർത്തും അശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതിക്ക് മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ തന്നെ മുൻകൈയെടുത്താണ് സാനിട്ടറി, ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയത്.എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബയോ മെഡിക്കൽ മാലിന്യങ്ങൾക്ക് ഉയർന്ന നിരക്കിൽ തുക ഈടാക്കുന്നുണ്ടെന്ന പരാതി നിലനിന്നിരുന്നു. പ്രത്യേകിച്ച് കിടപ്പുരോഗികളുള്ള വീടുകളിൽ നിന്നുമുള്ള മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് പണം കണ്ടെത്താൻ ആളുകൾ ബുദ്ധിമുട്ടിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് കേരള എൻവയറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കീൽ) മായി ചേർന്ന് കൊച്ചി നഗരസഭ പുതിയൊരു പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. കേരളത്തിൽ തന്നെ ആദ്യമായിട്ടാണ് ഒരു നഗരസഭ ഇങ്ങനെ ഒരു നിലപാട് സ്വീകരിക്കുന്നത്. ഇതുവഴി വീടുകളിൽ നിന്നുള്ള ബയോ മെഡിക്കൽ മാലിന്യം ഒരു കിലോയ്ക്ക് 12 രൂപ എന്ന നിരക്കിൽ കൈമാറാൻ കഴിയും. ഡയപ്പർ, സാനിട്ടറി നാപ്കിൻ തുടങ്ങിയ സാനിട്ടറി ബയോമെഡിക്കൽ മാലിന്യങ്ങൾ പ്രത്യേക കിറ്റുകളിലാക്കി കീൽ ൻറെ സംസ്കരണ സ്ഥലത്ത് എത്തിക്കുന്നതിനുള്ള തുകയാണിത്. കീൽൽ സംസ്കരിക്കുന്നതിനുള്ള ചിലവും ജിഎസ്ടിയും നഗരസഭയാണ് വഹിക്കുക. അതിനാലാണ് 12 രൂപ മാത്രം ഗുണഭോക്താക്കൾ നൽകിയാൽ മതിയാകുന്നത്. വീടുകളിൽ നിന്നുള്ള മരുന്നുകളുടെ സ്ട്രിപ്പുകളും, മറ്റ് മെഡിക്കൽ മാലിന്യങ്ങൾ ഇതിനൊപ്പം നൽകാം. ഇതിനായി നഗരത്തിലെ മുഴുവൻ ഡിവിഷനുകളെയും ഉൾപ്പെടുത്തി പ്രത്യേക കലണ്ടർ നഗരസഭ തയ്യാറാക്കിയിട്ടുണ്ട്. ഈ കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കുക. ജൈവ, അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾ വഴിയല്ലാതെ ബയോമെഡിക്കൽ മാലിന്യ സംസ്കരണ ചട്ടങ്ങൾ പ്രകാരം ശാസ്ത്രീയമായ സംവിധനത്തിലൂടെയാകും ഇത്തരം മാലിന്യങ്ങൾ ശേഖരിക്കുക. ടോൾ ഫ്രീ നമ്പരായ 1800 890 5089ൽ വിളിച്ചും, ആക്രി (അഅഗഞക) ആപ്പ് വഴി രജിസ്റ്റർ ചെയ്തും നഗരവാസികൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താം.

# സിവിൽ സ്റ്റേഷനിൽ കേന്ദ്രീകൃത റെക്കോർഡ് റൂമും

**കൊച്ചി:** സിവിൽ സ്റ്റേഷനിൽ നിർമ്മിച്ച കേന്ദ്രീകൃത റെക്കാർഡ് റൂമും നവീകരിച്ച ട്രെയിനിങ് ഹാളും റവന്യുവകുപ്പ് മന്ത്രി കെ.രാജൻ ഉദ്ഘാടനം ചെയ്തു. വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് അധ്യക്ഷത വഹിച്ചു. ജില്ലയിലെ മുഴുവൻ ലാൻഡ് അകിസിഷൻ ഓഫീസുകളിലെയും ഫയലുകൾ സൂക്ഷിക്കാനുള്ള സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് മന്ത്രി കെ.രാജൻ പറഞ്ഞു. ട്രെയിനിങ് ഹാളിന്റെ നവീകരണം പരിശീലന നടപടികൾ കൂടുതൽ സൗകര്യപ്രദമാക്കാൻ വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.ജില്ലാ കളക്ടർ എൻഎസ്.കെ ഉമേഷ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, മൂവാറ്റുപുഴ ആർ.ഡി.ഒ പി.എൻ അനി, ഡെപ്യൂട്ടി കളക്ടർമാരായ ഉഷ ബിന്ദു മോൾ, ബി.അനിൽകുമാർ, അനിൽ തോമസ്, എസ്.ബിന്ദു, ഫിനാൻസ് ഓഫീസർ എം. ഗീത തുടങ്ങിയവർ പങ്കെടുത്തു.ജില്ലയിലെ വികസന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വിവിധ ഇടങ്ങളിലായി പ്രവർത്തിക്കുന്ന ഓഫീസുകളിലെ ഫയലുകൾ സൂക്ഷിക്കുന്നതിനാണ് കേന്ദ്രീകൃത റെക്കോർഡ് റൂം നിർമ്മിച്ചത്. സിവിൽ സ്റ്റേഷന്റെ താഴത്തെ നിലയിൽ 1400 ചതുരശ്ര അടി വിസ്തീർണത്തിൽ 61,61,000 രൂപ ചെലവിൽ ആധുനിക സൗകര്യങ്ങളോടെയാണ് റെക്കോർഡ് റൂം സജ്ജമാക്കിയിട്ടുള്ളത്. ലാൻഡ് അകിസിഷൻ ഓഫീസുകളുടെ കണ്ടിഞ്ചൻസി ഫണ്ടിൽ നിന്നായിരുന്നു തുക കണ്ടെത്തിയത്. ഇത്തരത്തിൽ നിർമ്മിക്കുന്ന സംസ്ഥാനത്തെ ആദ്യ റെക്കോർഡ് റൂമാണ് ഇത്.മന്ത്രിമാരും വിവിധ ഓഫീസ് മേധാവികളും ഉൾപ്പെടെയുള്ളവർ പങ്കെടുക്കുന്ന യോഗങ്ങളും പരിശീലന പരിപാടികളും നടത്തിയിരുന്ന സ്പാർക്ക് ഹാളാണ് നവീകരിച്ച് പുതിയ ട്രെയിനിങ് ഹാളാക്കി മാറ്റിയത്. 12,02,200 രൂപ ചിലവിൽ മികച്ച ദൃശ്യ ശ്രാവ്യ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെയാണ് നവീകരണം പൂർത്തിയാക്കിയത്.

# കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി കൈകോർത്ത് ആസ്റ്റർ ഫാർമസി




**കൊച്ചി:** കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി കൈകോർത്ത് ആസ്റ്റർ ഫാർമസി.ഇതിന്റെ ഭാഗമായി കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ പേഴ്സണൽ ആന്റ് വെൽനെസ് ഉൽപ്പന്നങ്ങൾ എല്ലാ ആസ്റ്റർ ഫാർമസികളിലും ലഭ്യമാകുമെന്ന് കോട്ടയ്ക്കലിന്റെയും ആസ്റ്ററിന്റെയും ബന്ധപ്പെട്ട അധികൃതർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഉപഭോക്താക്കൾക്ക് മികച്ച സേവനം ഉറുപ്പുവരുത്തുകയെന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും ഇവർ പറഞ്ഞു. ശാസ്ത്രീയവും പ്രകൃതിദത്തവുമായ ആയുർവേദ ചികിൽസയെ പ്രോൽസാഹിപ്പിക്കുന്നവയാണ് കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ ഉൽപ്പന്നങ്ങൾ. ഇവ ഉപയോഗിക്കുന്നതിലൂടെ ഉയർന്ന ഡോസിലുള്ള മരുന്നുകൾ ഉപയോഗിക്കുന്നതിന്റെ പാർശ്വഫലങ്ങൾ കുറയ്ക്കാൻ സാധിക്കുമെന്നും ഇവർ വ്യക്തമാക്കി. കോട്ടയ്ക്കൽ,കഞ്ചിക്കോട്,നഞ്ചൻകോട് എന്നിവടങ്ങളിലെ മൂന്നു ആയുർവേദ മരുന്നു നിർമ്മാണ യൂണിറ്റുകളിലായി ഏകദേശം 550 ലധികം ആയുർവേദ മരുന്നുകൾ നിർമ്മിക്കുന്നുണ്ട്. ഫാർമസി രംഗത്ത് മികച്ച മാറ്റങ്ങൾ കൊണ്ടുവരികയും ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകുകയെന്നാണ് ആസ്റ്റർ ഫാർമസിയുടെ ലക്ഷ്യമെന്ന് ആസ്റ്റർ അധികൃതർ വ്യക്തമാക്കി. ആര്യവൈദ്യശാലയുടെ പേഴ്സണൽ വെൽനെസ് കെയർ ഉൽപ്പന്നങ്ങൾ ആസ്റ്റർ ഫാർമസിയിലൂടെ തങ്ങളുടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി മുന്നോട്ടുപോകുമെന്നും ആസ്റ്റർ ഫാർമസി അധികൃതർ വ്യക്തമാക്കി. നിലവിൽ ആസ്റ്ററിന് ഇന്ത്യയിൽ 250ലധികം ഔട്ട്ലെറ്റുകൾ ഉണ്ട്.കർണാടകത്തിൽ 108,ആന്ധ്രയിലും തെലുങ്കാനയിലുമായി 66, കേരളത്തിൽ 86 ഉം സ്റ്റോറുകൾ ഉണ്ടെന്നും ആസ്റ്റർ അധികൃതർ വ്യക്തമാക്കി.

# ‘ആക്റ്റീവ്മണി ’ പുതിയ പദ്ധതി പ്രഖ്യാപിച്ച് കൊടക് മഹീന്ദ്ര

**കൊച്ചി:** പ്രതിവർഷം 7%* ത്തോളം പലിശ നിരക്ക് ഉപഭോക്താക്കൾക്ക് നൽകുന്ന ആക്റ്റീവ്മണി എന്ന പുതിയ പദ്ധതി പ്രഖ്യാപിച്ച് കൊടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്. തങ്ങളുടെ ഫണ്ടുകൾ ഏത് സമയത്തും കൈകാര്യം ചെയ്യുവാനുള്ള അവസരവും ഈ പുതിയ പദ്ധതി ഉപഭോക്താക്കൾക്ക് നൽകുന്നുവെന്ന് കൊടക് മഹീന്ദ്ര ബാങ്കിന്റെ കൺസ്യൂമർ ബാങ്കിങ്ങ് ഗ്രൂപ്പ് പ്രസിഡന്റും ഹെഡ്ഢുമായ വിരാട് ദിവാൻജി പറഞ്ഞു. അക്കൗണ്ടിലുള്ള അധിക ഫണ്ടുകൾ നിശ്ചിതമായ ഒരു തലത്തിനപ്പുറത്തേക്ക് എത്തുമ്പോൾ അത് സ്വമേധയാ സ്ഥിര നിക്ഷേപത്തിലേക്ക് കൈമാറ്റം ചെയ്യുന്ന ആക്റ്റീവ്മണി ഇതിലൂടെ തങ്ങളുടെ സമ്പാദ്യങ്ങൾക്ക് മേൽ ഉയർന്ന പലിശ നേടുവാൻ ഉപഭോക്താക്കളെ സഹായിക്കുന്നു. ഇന്ത്യയിലെ എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലുമായി 2023 മാർച്ചിൽ അവസാനിക്കുന്ന കാലയളവിൽ സേവിങ്ങ്സ് അക്കൗണ്ടുകളിൽ മൊത്തത്തിൽ 62.9 ലക്ഷം കോടി രൂപ ഉണ്ടെന്നാണ് ആർബിഐയുടെ ഒരു കണക്ക് പറയുന്നത്. 3.5% പ്രതിവർഷം ശരാശരി പലിശയാണ് ഇതിന് ലഭിക്കുന്നത്. അതേസമയം സ്ഥിര നിക്ഷേപം, ലിക്വിഡ് ഫണ്ടുകൾ തുടങ്ങിയവക്ക് ആറു മാസം മുതൽ ഒരു വർഷം വരെയുള്ള കാലയളവിലേക്ക് കൂടുതൽ ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നു. 180 ദിവസങ്ങളിലേക്ക് പ്രതിവർഷം 7% എന്ന പലിശ നിരക്കാണ് സേവിങ്ങ്സ് അക്കൗണ്ടിലെ പണത്തിന ആക്റ്റീവ്മണിയിലൂടെ കൊടക് നൽകാൻ പോകുന്നത്. അതോടൊപ്പം തന്നെ കാലാവധി തീരുന്നതിനു മുൻപുള്ള പിൻവലിക്കലിന സ്ഥിര നിക്ഷേപങ്ങൾക്ക് ബാധകമായ ചാർജ്ജുകളൊന്നും ഇതിന് ഈടാക്കുന്നുമില്ല. അതുകൊണ്ട് ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം രണ്ടിന്റേയും ഗുണങ്ങൾ ഒരുപോലെ ലഭിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.ഉപഭോക്താക്കളെ മനസ്സിൽ കണ്ടുകൊണ്ടുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളുമാണ് തങ്ങളുടെ ബിസിനസ് തന്ത്രത്തിന്റെ മുഖ്യ ഭാഗം. ആക്റ്റീവ്മണിയിലൂടെ ഇന്ത്യക്കാരുടെ സമ്പാദ്യ സംസ്കാരത്തിന്റെ മാതൃക തന്നെ മാറ്റുവാൻ തങ്ങൾ ആഗ്രഹിക്കുന്നു. ഏത് സമയത്തും ഫണ്ടുകൾ കൈകാര്യം ചെയ്യുവാനുള്ള അവസരം നിലനിർത്തിക്കൊണ്ടും കാലാവധി തീരുന്നതിനു മുൻപുള്ള പിൻവലിക്കലിന് പിഴ ഈടാക്കാതേയും സേവിങ്ങ്സ് അക്കൗണ്ടുകൾക്ക് സ്ഥിര നിക്ഷേപത്തിന്റെ പലിശ നിരക്ക് വാഗ്ദാനം ചെയ്തുകൊണ്ടാണ് തങ്ങൾ ഈ മാറ്റത്തിന് ശ്രമിക്കുന്നതെന്നും വിരാട് ദിവാൻജി പറഞ്ഞു.

# ധനം ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ക്രിസ് ഗോപാലകൃഷ്ണന്

## ധനം എസ്എംഇ എന്റർപ്രണർ ഓഫ് ദി ഇയർ പുരസ്കാരം പോപ്പീസ് ബേബി കെയർ പ്രോഡക്റ്റ്സ് സി എം ഡി ഷാജു തോമസിന്

**കൊച്ചി:** ധനം ബിസിനസ് എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു. ധനം ബിസിനസ് മാഗസിന്റെ 35ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക പുരസ്കാരങ്ങളായ ധനം ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ഇൻഫോസിസ് സ്ഥാപകാംഗവും മുൻ വൈസ് ചെയർമാനും നിലവിൽ ആക്സിലർ വെഞ്ചേഴ്സിന്റെ ചെയർമാനുമായ ക്രിസ് ഗോപാലകൃഷ്ണനും ധനം ചെയ്ഞ്ച് മേയ്ക്കർ അവാർഡ് കുടുംബശ്രീ മിഷനും സമ്മാനിക്കും.ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് ഫാക്ടിനെ തുടർച്ചയായി ലാഭപാതയിലെത്തിച്ച ചെയർമാനും മാനേജിംഗ് ഡയറക്റ്ററുമായ കിഷോർ റുംഗ്തയെ ധനം ബിസിനസ് പ്രൊഫഷണൽ ഓഫ് ദി ഇയർ പുരസ്കാരത്തിന് തെരഞ്ഞെടുത്തു.ധനം എസ്എംഇ എന്റർപ്രണർ ഓഫ് ദി ഇയർ പുരസ്കാരം പോപ്പീസ് ബേബി കെയർ പ്രോഡക്റ്റ്സ് സി എം ഡി ഷാജു തോമസിന് സമ്മാനിക്കും. സേവന മെഡിനീഡ്സിന്റെ മാനേജിംഗ് ഡയറക്റ്റർ ബിനു ഫിലിപ്പോസിനെ ധനം വുമൺ എന്റർപ്രണർ ഓഫ് ദി ഇയറിന് തെരഞ്ഞെടുത്തു.ആൾനൂഴികൾ വൃത്തിയാക്കുന്ന ശുചീകരണ റോബോട്ട് ബാൻഡികൂട്ടിന്റെ സൃഷ്ടാക്കളായ ജെന്റോബോട്ടിക്സാണ് ധനം സ്റ്റാർട്ടപ്പ് ഓഫ് ദി ഇയർ പുരസ്കാര ജേതാക്കൾ.സാമ്പത്തിക വിദഗ്ധനും ചാർട്ടേഡ് എക്കൗണ്ടന്റുമായ വേണുഗോപാൽ സി. ഗോവിന്ദ് ചെയർമാനും മുൻ വർഷങ്ങളിലെ ധനം ബിസിനസ്മാൻ ഓഫ് ദി ഇയർ അവാർഡ് ജേതാക്കളായ സി ജെ ജോർജ്, നവാസ് മീരാൻ, സൗത്ത് ഇന്ത്യൻ ബാങ്ക് മുൻ മാനേജിംഗ് ഡയറക്റ്റർ ഡോ. വി എ ജോസഫ്, മുതിർന്ന മാധ്യമപ്രവർത്തകൻ എം കെ ദാസ് എന്നിവർ അംഗങ്ങളുമായ ജൂറിയാണ് അവാർഡ് നിർണയം നടത്തിയത്.ജൂൺ 22ന് കൊച്ചിയിലെ ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടക്കുന്ന പതിനഞ്ചാമത് ധനം ബിസിനസ് സമിറ്റ് ആൻഡ് അവാർഡ് നൈറ്റ് 2023 ൽ വെച്ച് അവാർഡുകൾ വിതരണം ചെയ്യും.ധനം ബിസിനസ് മാഗസിന്റെ 35ാം വാർഷികത്തോടനുബന്ധിച്ചുള്ള ധനം ബിസിനസ് സമിറ്റ് ആൻഡ് അവാർഡ് നൈറ്റ് 2023 ബിസിനസുകൾ വളർത്തുന്നതിനുള്ള സ്ട്രാറ്റജികൾക്കാണ് പ്രത്യേക ഊന്നൽ നൽകുന്നത്. ഇതിന്റെ ഭാഗമായി എങ്ങനെ ബിസിനസുകളെ അടുത്ത തലത്തിലേക്ക് വളർത്താം എന്ന വിഷയത്തെ കേന്ദ്രീകരിച്ചുള്ള പാനൽ ചർച്ചയിൽ പാനൽ ചർച്ചയിൽ വി ഗാർഡ് ഇൻഡസ്ട്രീസ് ചെയർമാൻ എമിരറ്റസ് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ഐബിഎസ് എക്സിക്യൂട്ടീവ് ചെയർമാൻ വി കെ മാത്യൂസ്, ബിസ്ലരി ഇന്റർനാഷണൽ സിഇഒ ജോർജ് ആഞ്ചലോ, ഗ്രൂപ്പ് മീരാൻ ചെയർമാൻ നവാസ് മീരാൻ എന്നിവർ സംബന്ധിക്കും.സംസ്ഥാനത്തിനകത്തും പുറത്തുനിന്നുള്ള പ്രമുഖ ബിസിനസുകാർ, പ്രൊഫഷണലുകൾ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവരെല്ലാം സമിറ്റിൽ സംബന്ധിക്കും. വൈകീട്ട് അഞ്ചുമുതൽ രാത്രി ഒൻപത് വരെയാണ് പരിപാടി.



# 360 വൺ ഫ്ളെക്സിക്യാപ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** മുൻപ് ഐഐഎഫ്എൽ അസറ്റ് മാനേജുമെൻറ് എന്ന് അറിയപ്പെട്ടിരുന്ന 360 വൺ അസറ്റ് മാനേജുമെന്റിന്റെ 360 വൺ ഫ്ളെക്സിക്യാപ് പദ്ധതിയുടെ പുതിയ ഫണ്ട് ഓഫറിനു തുടക്കമായി. 26 ജൂൺ വരെ നീണ്ടു നിൽക്കുന്ന പുതിയ ഫണ്ട് ഓഫറിൽ കുറഞ്ഞത് 1000 രൂപയും തുടർന്ന് ഓരോ രൂപയുടെ മടങ്ങുകളും നിക്ഷേപിക്കാം. ജൂലൈ ആറു മുതൽ തിരിച്ചു വാങ്ങലിനും വീണ്ടും വിൽപനയ്ക്കും ലഭ്യമാകും. ലാർജ്ക്യാപ്, മിഡ്ക്യാപ്, സ്മോൾക്യാപ് തുടങ്ങി എല്ലാ വിഭാഗങ്ങളിലും നിക്ഷേപിക്കുന്ന ഓപൺ എൻഡഡ് ഡൈനാമിക് ഇക്വിറ്റി പദ്ധതിയാണിത്. വിവിധ പദ്ധതികളിൽ നിക്ഷേപിക്കാനും ദീർഘകാല ലക്ഷ്യത്തോടെ നിക്ഷേപിക്കാനും ഉദ്ദേശിക്കുന്നവർക്ക് ഗുണകരമായ പദ്ധതിയാണിത്.വൈവിധ്യവൽക്കരണത്തിനും വിപണിയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും അനുയോജ്യമായ പദ്ധതിയാണിതെന്നും ഇന്ത്യയുടെ വികസിക്കുന്ന ജിഡിപിയും ഓഹരി മേഖലയും പ്രയോജനപ്പെടുത്താനാവും വിധം രൂപകൽപന ചെയ്ത പദ്ധതിയാണിതെന്നും 360 വൺ അസറ്റ് സഹസ്ഥാപകനും സിഐഒയുമായ അനൂപ് മഹേശ്വരി പറഞ്ഞു.മയൂർ പട്ടേലാണ് പദ്ധതിയുടെ ഫണ്ട് മാനേജർ. 360 വൺ ഫോകസ്ഡ് ഇക്വിറ്റി പദ്ധതിയുടെ ഫണ്ട് മാനേജറും അദ്ദേഹമാണ്.

## സാംസ്കാരിക ടൂറിസം

# കേന്ദ്ര ടൂറിസം മന്ത്രാലയവുമായി ധാരണാപത്രത്തിൽ ഒപ്പുവച്ച് എയർ ബിഎൻബി

**കൊച്ചി :** രാജ്യത്തെ ടൂറിസം കേന്ദ്രങ്ങൾ കൂടുതൽ വളർത്തുന്നതിനും സാംസ്കാരിക വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുമായി എയർബിഎൻബി കേന്ദ്ര ടൂറിസം മന്ത്രാലയവുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. കേന്ദ്ര ടൂറിസം മന്ത്രി ജി കിഷൻ റെഡ്ഡി, ടൂറിസം മന്ത്രാലയം സെക്രട്ടറി വി വിദ്യാവതി, ടൂറിസം മന്ത്രാലയം അഡീഷണൽ സെക്രട്ടറി രാകേഷ് കുമാർ വർമ, എയർബിഎൻബി ഇന്ത്യ, തെക്കുകിഴക്കൻ ഏഷ്യ, ഹോങ്കോംഗ്, തായ്വാൻ എന്നീ പ്രദേശങ്ങളുടെ ജനറൽ മാനേജർ അമൻപ്രീത് ബജാജ് എന്നിവരുടെ സാന്നിധ്യത്തിലാണ് ധാരണാപത്രം ഒപ്പുവച്ചത്.വിസിറ്റ് ഇന്ത്യ 2023 സംരംഭത്തിന്റെ ഭാഗമായി ഇൻബൗണ്ട് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനാണ് എയർബിഎൻബി ടൂറിസം മന്ത്രാലയവുമായി സഹകരിക്കുന്നത്. ലോകരാഷ്ട്രങ്ങൾക്ക് മുന്നിൽ ഇന്ത്യയുടെ സമ്പന്നമായ സംസ്കാരവും നിർമ്മിത പൈതൃകവും പ്രദർശിപ്പിക്കുന്നതിനായി എയർബിഎൻബി 'സോൾ ഓഫ് ഇന്ത്യ' എന്ന മൈക്രോസൈറ്റ് അവതരിപ്പിച്ചു. ഡെസ്റ്റിനേഷൻ പ്രൊമോഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിലെ സഹകരണം ധാരണാപത്രത്തിന്റെ ഭാഗമാണ്. 'അതിഥി ദേവോ ഭവ' എന്ന ഇന്ത്യയുടെ പാരമ്പര്യ വചനം അതിഥികളെ ദൈവത്തോട് തുല്യമാക്കുന്നുവെന്നും, വിനോദസഞ്ചാരികളെ ഹോം സ്റ്റേകളിൽ താമസിപ്പിക്കുന്നതിലും വലിയ മറ്റെന്ത് ആതിഥ്യ മര്യാദയാണ് നമ്മൾ കാണിക്കേണ്ടതെന്നും കേന്ദ്ര ടൂറിസം മന്ത്രി ജി.കിഷൻ റെഡ്ഡി പറഞ്ഞു. ടൂറിസം മന്ത്രാലയവുമായി സഹകരിക്കുന്നതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്നും ഇൻക്രെഡിബിൾ ഇന്ത്യ ബ്രാൻഡിനെ ശക്തിപ്പെടുത്തുകയും ടൂറിസത്തിലൂടെ പുതിയ സാമ്പത്തികവും സാമൂഹികവുമായ അവസരങ്ങൾ തുറക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണ് ഈ ധാരണാപത്രം മുന്നോട്ടുവെക്കുന്നതെന്നും എയർബിഎൻബി ഇന്ത്യ, തെക്കുകിഴക്കൻ ഏഷ്യ, ഹോങ്കോംഗ്, തായ്വാൻ ജനറൽ മാനേജർ അമൻപ്രീത് ബജാജ് പറഞ്ഞു.ടൂറിസത്തിലേക്ക് വളർന്നുവരുന്ന സ്ഥലങ്ങളിൽ ഹോസ്പിറ്റാലിറ്റി മൈക്രോസംരംഭകരെ പരിശീലിപ്പിക്കാൻ എയർബിഎൻബി മന്ത്രാലയവുമായി സഹകരിക്കും. ഇത് മന്ത്രാലയത്തിന്റെ പ്രധാന പദ്ധതിയുടെ ഭാഗമാണ്.



## വിദ്യാഭ്യാസ അവാർഡ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ 2023 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ സംസ്ഥാനത്ത് ഉന്നത വിജയം നേടിയ വിദ്യാർഥികൾക്കുള്ള സ്വർണ്ണപ്പതക്കം/ക്യാഷ് അവാർഡിന് അപേക്ഷ ക്ഷണിച്ചു.നിശ്ചിത ഫോറത്തിലുള്ള അപേക്ഷ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പ് സഹിതം ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് ജൂൺ 30 നു മുമ്പായി സമർപ്പിക്കണം. കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലുള്ളവർ കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കും, കോഴിക്കോട്, പാലക്കാട്, മലപ്പുറം, ജില്ലക്കാർ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കും, തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലക്കാർ എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കും, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം, ജില്ലക്കാർ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കുമാണ് അപേക്ഷ നൽകേണ്ടത്.അപേക്ഷ ഫോറം ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും കണ്ണൂരിലുള്ള ഹെഡ്ഡാഫീസിൽ നിന്നും സൗജന്യമായി ലഭിക്കും. അപേക്ഷാ ഫോറം തപാലിൽ ആവശ്യ മുള്ളവർ 5 രൂപ സ്റ്റാമ്പ് പതിച്ച സ്വന്തം വിലാസമെഴുതിയ കവർ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, താളിക്കാവ്, കണ്ണൂർ670001 എന്ന വിലാസത്തിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: കണ്ണൂർ (0497 2702995), കോഴിക്കോട് (0496 2984709), എറണാകുളം (9446451942), തിരുവനന്തപുരം (9995091541).

# സാംസങ് സോൾവ് ഫോർ ടുമോറോ 2023 :ടോപ്പ് 30 ടീമുകളെ പ്രഖ്യാപിച്ചു

### ഉത്തർപ്രദേശ്, മധ്യപ്രദേശ്, ജാർഖണ്ഡ്, ബീഹാർ, ഒഡീഷ, പശ്ചിമ ബംഗാൾ, ഹരിയാന, രാജസ്ഥാൻ, അസം, തെലങ്കാന, കർണാടക, തമിഴ്നാട്, കേരളം, ഗുജറാത്ത്, മഹാരാഷ്ട്ര, ഡൽഹി എന്നിവിടങ്ങളിൽ നിന്നുള്ള ടീമുകളാണ് അവസാനത്തെ 30ൽ ഉൾപ്പെട്ടത്

**കൊച്ചി :** സാംസങ് ഇന്ത്യയുടെ യുവജന വിദ്യാഭ്യാസ ഇന്നൊവേഷൻ മത്സരമായ 'സോൾവ് ഫോർ ടുമോറോ' യിലെ മികച്ച 30 ടീമുകളെ പ്രഖ്യാപിച്ചു. രാജ്യത്തെ യുവാക്കൾക്കിടയിൽ നൂതന ചിന്തയുടെയും പ്രശ്നപരിഹാരത്തിന്റെയും സംസ്കാരം പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, വിദ്യാഭ്യാസം പഠനം, ആരോഗ്യം ക്ഷേമം, പരിസ്ഥിതി സുസ്ഥിരത, വൈവിധ്യം ഉൾപ്പെടുത്തൽ എന്നീ നാല് വിഷയങ്ങളെ അധികരിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 1622 വയസ് പ്രായമുള്ളവരിൽ നിന്നാണ് മത്സരത്തിലേക്ക് ആശയങ്ങൾ ക്ഷണിച്ചത്.ഉത്തർപ്രദേശ്, മധ്യപ്രദേശ്, ജാർഖണ്ഡ്, ബീഹാർ, ഒഡീഷ, പശ്ചിമ ബംഗാൾ, ഹരിയാന, രാജസ്ഥാൻ, അസം, തെലങ്കാന, കർണാടക, തമിഴ്നാട്, കേരളം, ഗുജറാത്ത്, മഹാരാഷ്ട്ര, ഡൽഹി എന്നിവിടങ്ങളിൽ നിന്നുള്ള ടീമുകളാണ് അവസാനത്തെ 30ൽ ഉൾപ്പെട്ടത്. ഈ ടീമുകൾക്ക് ഡിസൈൻ തിങ്കിംഗിലും ഇന്നൊവേഷനിലും ഓൺലൈൻ പരിശീലനം ലഭിക്കും, സാംസങ്ങും പങ്കാളികളായ ഐഐടി ഡൽഹിയിലെ ഫൗണ്ടേഷൻ ഫോർ ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ട്രാൻസ്ഫർ ഐഐടി ഡൽഹിയിലെ റെസിഡൻഷ്യൽ ബൂട്ട്ക്യാമ്പിലെ സ്റ്റാർട്ടപ്പ് ഹബ്ബ് എന്നിവരും മെന്റർ ചെയ്ത് അവരുടെ ആശയങ്ങൾക്ക് ആവിഷ്ക്കാരം നൽകും.എഫ്ഐടിടി, ഐഐടി ഡൽഹി, മെയ്റ്റ് വൈ സ്റ്റാർട്ടപ്പ് ഹബ്ബ് എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരുടെ മാർഗനിർദേശപ്രകാരം ഇവരുടെ ആശയങ്ങൾ പ്രാരംഭ പ്രോട്ടോടൈപ്പുകൾ സൃഷ്ടിക്കുന്നതിന് മികച്ച 30 ടീമുകൾക്ക് 20,000 രൂപ വീതം ലഭിക്കും. ഏറ്റവും മികച്ച 10 ടീമുകളെ ഫൈനലിലേക്ക് തിരഞ്ഞെടുക്കും.സോൾവ് ഫോർ ടുമോറോ 2023 ന് 70,000 ൽ പരം രജിസ്ട്രേഷനുകൾ ലഭിച്ചു. ടോപ്പ് 30 ടീമുകളെക്കുറിച്ചും അവരുടെ ആശയങ്ങളെക്കുറിച്ചും കൂടുതൽ അറിയാം ഇവിടെ www.samsung.com/in/solvefortomorrow.മികച്ച 30 ടീമുകളിലെ ഓരോ അംഗത്തിനും ബൂട്ട്ക്യാമ്പിൽ പങ്കെടുത്തതിന് ഒരു സർട്ടിഫിക്കറ്റിനൊപ്പം സാംസങ് ഗാലക്സി ബുക്ക്3 പ്രോ 360 ലാപ്ടോപ്പും ഗാലക്സി ബഡ്സ്2 പ്രോയും അടങ്ങുന്ന സമ്മാനം ലഭിക്കും. 1.5 കോടി രൂപ സമ്മാനത്തുകയും ആകർഷകമായ സാംസങ് ഉൽപ്പന്നങ്ങളും നേടാനുള്ള അവസരമുള്ള മൂന്ന് ജേതാക്കളെ പ്രഖ്യാപിക്കുന്നതോടെ ഈ വാർഷിക പ്രോഗ്രാം സമാപിക്കും.2010ൽ ആരംഭിച്ച സോൾവ് ഫോർ ടുമാറോ നിലവിൽ ആഗോളതലത്തിൽ 63 രാജ്യങ്ങളിൽ നടപ്പിലുണ്ട്, ലോകമെമ്പാടും 2.3 ദശലക്ഷത്തിലധികം യുവാക്കൾ പങ്കെടുത്തിട്ടുണ്ട്.




